KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 30 / Issue: 10 October 2019 ₹ :10/-





അഭി. ഏബ്രഹാം മോർ ക്ലീമിസ് തിരുമേനിയുടെ പതിനേഴാമത് ശ്രാദ്ധപ്പെരുന്നാൾ



SINCE 1989

# ക്നാനായദീപം

2019 ഒക്ടോബർ പുസ്തകം 30 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**

## ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

മലങ്കര സഭ 08
പ്രൊഫ. പി. കെ. സ്കറിയ

മാതൃകയാക്കാം ഈ മകനെ 10
റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

ജനാധിപത്യത്തിന്റെ പുനർജന്മം 18
ഡോ. സുനിൽ ഡി. കുരുവിള

യേശുനാമം 20
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

പ്രസംഗദീപം 22
ഫാ. റോയി മാത്യൂസ് കോറെപ്പിസ്കോപ്പ

ഏഴു കാര്യങ്ങൾ 24
ജേക്കബ് ജോസ് മണിമലേത്ത്

കൗമ്മപ്രാർത്ഥന 25
റ്റി. യു. ജോസ് തൈത്തറ

കാൽപ്പാടുകൾ 26
എബി

റൂമാലും ഉത്തരീയവും 27
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മലർവാടിക്കൂട്ടം 28

സൺഡേസ്കൂളല്ലെ സാരമില്ല 37
എബ്രഹാം കല്ലിശ്ശേരി

കുതികാലുവെട്ടുന്ന ഹലോ.. ഹലോ (കവിത) 39
കെ. എം. മാനുവൽ കളപ്പുരയ്ക്കൽ

ആറടി മണ്ണ് (കവിത) 40
പുളിങ്കുന്ന് ലൂക്കാ

മല്പാനോടു ചോദിക്കാം 41

മാട്രിമോണിയൽ 45

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ മണവാട്ടിയായി തെരഞ്ഞെടുക്കപ്പെട്ട കൂട്ടമാണ് സഭ. ഇംഗ്ലീഷിൽ ചർച്ച് എന്നാണ് അതിന്റെ അർത്ഥം (1) വിശ്വാസികളുടെ സമൂഹം (2) പള്ളി എന്നുമാണ്. ഗ്രീക്കിൽ എക്ളീസിയ എന്നു പറയുന്നു. അതിന്റെ അർത്ഥം വിളിച്ചുവേർതിരിക്കപ്പെട്ട കൂട്ടം എന്നാണ്. പാപത്തിന്റെ ആധിപത്യത്തിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിച്ച കൂട്ടമാണ് സഭ. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമെന്നും ഇതിന് പേർ പറയുന്നു. ഇതാണ് സഭ എങ്കിൽ മദ്യപാനവും, വ്യഭിചാരവും, കൊള്ളയും, കൊള്ളി വെയ്പ്പും, കൊലപാതകവും നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾ സഭയുടെ അംഗങ്ങളല്ല എന്നു വേദപുസ്തകം പഠിപ്പിക്കുന്നു എങ്കിൽ ഇന്നത്തെ സഭയും ആദിമസഭയും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ട്. ഇന്നത്തെ സഭയ്ക്ക് അകത്തോ കക്ഷിവഴക്കുകൾ, മെത്രാൻ കക്ഷി, ബാവാ കക്ഷി എന്നു പറഞ്ഞ് പിണക്കങ്ങൾ വർദ്ധിച്ചുവരുന്നു. സുപ്രീംകോടതിവിധി എന്നു പറഞ്ഞ് മെത്രാൻ കക്ഷികൾ കാണിക്കുന്ന ഹീനമായ പ്രവർത്തികൾ എത്ര വലിയവ. തങ്ങളുടെ പിതാക്കന്മാർ പണിത് നൂറ്റാണ്ടുകൾ പഴക്കമുള്ള ദൈവാലയങ്ങളിൽ നിന്ന് വിശ്വാസികളെ പുറത്താക്കിയിട്ട് ഉടമസ്ഥർ റോഡിലും ചുരുക്കം ചിലർ പള്ളി അകത്തും ആരാധന നടത്തുന്നു. ഈ കുർബ്ബാന സമാധാനവും ബലിയും സ്തോത്രവും ആകുന്നു എന്നല്ലോ ജനം ചൊല്ലുന്നത്. ഈ ബലി അർപ്പിക്കുന്നവർക്കും അനുഭവിക്കുന്നവർക്കും എവിടെയാണ് സ്വസ്ഥതയും സമാധാനവും. ദൈവത്തിന്റെ ക്രോധഅഗ്നി ശക്തിയായി അടിച്ചിട്ടും അടികൊണ്ട് മെത്രാന്മാർപോലും അറിയോസിനെപ്പോലെ വഴിയിൽ ചത്ത് ഒടുങ്ങിയിട്ടും പഠിക്കാത്ത സമൂഹം കർത്താവിന്റെ മണവാട്ടിയാണെന്ന് എങ്ങനെ പറയും. സുവിശേഷത്തിനും സഭയ്ക്കും എതിരായി സാത്താൻ തന്റെ സകല ശക്തികളെയും കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്താണ് നാം ജീവിക്കുന്നത്. അസൂയയും നുണയും വിശ്വാസികൾക്കിടയിൽ നല്ലസ്ഥാനം കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. സ്വാർത്ഥത ഒരു സാമർത്ഥ്യമായി പരിഗണിക്കപ്പെട്ടുവരുന്നു. നിഗളം തെറ്റായി തോന്നുന്നില്ല. ദ്രവ്യാഗ്രഹം അനുവദനീയമാണ്. ഭക്തിയുടെ വേഷം ഉണ്ട് ശക്തിയില്ല. ആരെയും പാപത്തിന്റെ ഫലമായ തീയിൽ നിന്നും വലിച്ചെടുക്കുന്നില്ല. പകരം പാർട്ടി വളർത്താൻവേണ്ടി കള്ളു കൊടുത്ത് തീയിലേക്കു വലിച്ചിടുന്നു. വൈദികരുടെ നേതൃത്വത്തിൽ കട്ടച്ചിറപള്ളിയിൽ കാണിച്ച പ്രകടനങ്ങൾ മാധ്യമങ്ങളിൽകൂടി നാം കണ്ടതാണല്ലോ. അതിനു നേതൃത്വം കൊടുത്തവരും സഹകരിച്ചവരും അഗ്നിനരകത്തിലേയ്ക്ക് അറിയാതെ പോകുകയല്ലേ? ഇന്ന് ക്രൈസ്തവസഭയിൽ നടക്കുന്നത് ധനത്തിന്റെ വാഴ്ചയാണ്. ക്രിസ്തുവിനേയും ക്രിസ്തുവിന്റെ പ്രബോധനങ്ങളേയും വിസ്മരിച്ചുകൊണ്ടുള്ള ധനസമ്പാദനം അപകടമാണ് വരുത്തുക. സമ്പന്നതയുടെ പ്രൗഢിതെളിയിക്കുന്നതിനുള്ള ഒരു മത്സരരംഗംപോലെ "തല ചായ്ക്കുവാൻ ഇടമില്ലാത്ത മനുഷ്യപുത്രന്റെ (മത്തായി 8:20) ആഹ്വാനമനുസരിച്ച് "മടിശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ട് ഉടുപ്പും കരുതാതെ (മത്തായി10:9) ശുശ്രൂഷിച്ച് കടന്നുപോയ ക്രിസ്തു ശിഷ്യന്മാരുടെ പിൻതലമുറക്കാർ ഇന്ന് അരമനയിൽ രാജകുമാരന്മാരെപ്പോലെ രാജകീയ വസ്ത്രവും സ്വർണ്ണക്കിരീടവും അണിഞ്ഞ് ചെങ്കോലേന്തി സിംഹാസനത്തിലിരുന്ന് ആഡംബരപൂർവ്വം ജനങ്ങളെ അക്ഷരാർത്ഥത്തിൽ ചൂഷണം ചെയ്ത് ഭരിക്കുകയാണ്. ക്രിസ്തുവിന് അപവാദം വരുത്തുന്ന സംവിധാനമാണിത്. അവരറിയാതെ അവർക്കെതിരെ പ്രതിഷേധിക്കുന്നവരുടെ ഒരു വലിയ നിര വളർന്നുകൊണ്ടിരിക്കുന്നു. അതു പൊട്ടിത്തെറിക്കുന്നതിനുമുമ്പ് മാനസാന്തരപ്പെട്ട ആദിമപിതാക്കന്മാരെപ്പോലെ ഒന്നു ജീവിച്ചു കാണിക്കണമേ എന്ന് താഴ്മയായി അപേക്ഷിക്കുകയാണ്.

ഒരു മടങ്ങിവരവാണ് അടിയന്തരമായി ഉണ്ടാകേണ്ടത്. പരിശുദ്ധാത്മാവിന്റെ മഹാശക്തിപ്രാപിക്കുകയാണ് ഇന്നത്തെ അടിയന്തരമായ ആവശ്യം. ഇതിന് പകരം കക്ഷി ഉണ്ടാക്കി പൊട്ടക്കിണർ കുഴിക്കരുത്. അങ്ങനെയായാൽ ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കുകയില്ല. നമ്മേ കൈവിടുകയേ ഉള്ളൂ. നമ്മുടെ അടിസ്ഥാനം എന്തായിരിക്കണം (എഫേ.2:20 –22) നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അപ്പോൾ മാത്രമെ ക്രിസ്തുയേശു തന്നെ മൂലക്കല്ലായി സഭ വളരുകയുള്ളൂ. സഭയുടെ അടിസ്ഥാനം മറക്കരുത്. അടിസ്ഥാനം മറിച്ചുകളയരുത്. അടിസ്ഥാനം മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും. അപ്പോസ്തോലന്മാരുടെ പിൻതുടർച്ച, വിശ്വാസം എന്നിവ ചില കാര്യങ്ങൾക്കുമാത്രം മുറുകെ പിടിച്ചാൽ പോരാ. സഭ നിലനിൽക്കേണ്ടത് എഫേ.2:22ന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

"ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു".

ആത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന സഭയെപ്പറ്റി യഹോവയുടെ അരുളപ്പാട് (സെഖ.4:6) "സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു".

നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ (എഫേ.6:12). അതിന് കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ള ആയുധം ധരിക്കണം (2 കോരി.10:3).

പ്രിയ സഹോദരങ്ങളെ, പുതിയ നിയമം ശാസിക്കുന്നതെന്തോ അതിനു വിപരീതമായതല്ലേ പ്രവർത്തിക്കുന്നത്. ഈ വല്ലാത്ത പരിസ്ഥിതിയിൽ പ്രാർത്ഥനാപൂർവ്വം ഓരോ പാദവും വയ്ക്കുവാൻ തിരുഹിതാനുസരണം ജീവിക്കുവാൻ ദൈവനാമ മഹത്വം മാത്രം ജീവിതലക്ഷ്യമായിരിക്കുവാൻ നമുക്ക് ശ്രമിക്കാം. കറയും ചുളുക്കവും മാലിന്യവും ഇല്ലാത്ത മണവാട്ടിസഭയുടെ അംഗമായി നമുക്ക് ജീവിക്കാം. നമ്മുടെ മണവാളൻ സഭയെ എടുത്തുകൊള്ളപ്പെടുവാൻ വേഗം വരും. അവനെ എതിരേല്പാൻ നമുക്കും ഒരുങ്ങാം.

എന്ന് **നിങ്ങളുടെ സ്വന്തം റോയിഅച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



വഴയനിയമം വരുവാനുള്ള നന്മകളുടെ നിഴലും പുതിയ നിയമം കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപവും ആകുന്നുവെന്ന് വിശുദ്ധ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. (എബ്ര.10:1) വിശുദ്ധ ദൈവമാതാവിനെ യറുശലേം ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത്, തിരശ്ശീലയ്ക്കപ്പുറത്തു സ്ഥാപിക്കപ്പെട്ടിരുന്നതും ആണ്ടിലൊരിക്കൽ പ്രധാനാചാര്യന്മാരാൽ ധൂപാർപ്പണം നടത്തപ്പെട്ടിരുന്നതുമായ നിയമപെട്ടകത്തോടും, ശലോമോന്റെ 'റുമാലി'നോടുമാണ് ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നത്. സ്ലീബായുടെ ഉച്ചനമസ്കാരത്തിൽ 'മൂശചമച്ച 'സാക്ഷ്യപ്പെട്ടകമായും', ജീവജലത്തെ മുൻകുറി യായ് കാട്ടിയ ശോശപ്പായായും കന്യക മറിയാമിനെ വർണ്ണിക്കുന്നു. വിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സാക്ഷിപ്പെട്ടകവും ശ്ലേമൂന്റെ ഉറുമാലും" ദൈവമാതാവു തന്നെയെന്നു സ്ഥിരീകരിക്കുന്നു. സമാഗമന കൂടാരത്തിന്റെ അതിവിശുദ്ധ സ്ഥലത്തു സ്ഥാപിക്കപ്പെട്ട നിയമപെട്ടകത്തെക്കുറിച്ചു പുറപ്പാടു പുസ്തകം 25-ാം അദ്ധ്യായം മുതൽ പ്രതിപാദിക്കുന്നു. നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ നിഴലായ മന്നായും, ലേവ്യ പൗരോഹിത്യത്തിന്റെ നിഴലായ അഹറോന്റെ കിളിർത്ത വടിയും, ദൈവവചനം എഴുതപ്പെട്ട കല്പലകകളും ഉൾക്കൊണ്ട നിയമപെട്ടകം, നമ്മുടെ കർത്താവിനെ ഉദരത്തിൽ വഹിച്ച ദൈവമാതാവിന് സദൃശ്യം എന്നു സാമാന്യ ബുദ്ധിയുള്ള ഏതു വ്യക്തിക്കും മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ശലോമോന്റെ ഉറുമാലിനെക്കുറിച്ച് വളരെ വിസ്തരിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുന്നില്ല.

രണ്ടാം നൂറ്റാണ്ടിന്റെ പകുതിയിൽ ഉണ്ടായ "യാക്കോബിന്റെ സുവിശേഷം" (Protovangelium of James)എന്ന ഗ്രന്ഥത്തിൽ കർത്താവിന്റെ സഹോദരനായ യാക്കോബ്, മറിയാമിന്റെ ജനനം, മാതാപിതാക്കൾ, ചെറുപ്പകാലം, ദേവാലയത്തിലെ സംരക്ഷണം, ജോസഫുമായുള്ള വിവാഹം തുടങ്ങി വിശുദ്ധ ഗ്രന്ഥത്തിൽ ഇല്ലാത്തതും ശ്ലീഹന്മാരുടെ കാലം മുതൽ സഭയെ പഠിപ്പിച്ചിരുന്നതുമായ വിഷയങ്ങൾ പ്രതിപാദിക്കുന്നു. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരായ അലക്സാന്ത്രായിലെ ക്ലമന്ത്, ഒറിജൻ, നിസ്സായിലെ ഗ്രിഗൊറി, സലാമിസ്സിലെ എപ്പിഫാനസ് എന്നിവർ അവരുടെ പഠിപ്പിക്കലുകളിലും പ്രാർത്ഥനകളിലും ഈ പുസ്തകത്തിൽനിന്നും ഉദ്ധരിക്കുന്നുണ്ട്.

2 ദിനവൃത്താന്തം 3-ാം അദ്ധ്യായത്തിൽ യറുശലേം ദേവാലയത്തിന്റെ പണികളെക്കുറിച്ചു വിസ്തരിക്കുന്നു. ഇതിന്റെ 14-ാം വാക്യത്തിൽ ശലോമോൻ വിവിധ നിറത്തിലുള്ള നൂലു കൊണ്ടുവന്നു നെയ്തു യറുശലേം ദേവാലയത്തിലെ വിശുദ്ധസ്ഥലത്തെയും അതിവിശുദ്ധ സ്ഥലത്തെയും വേർതിരിക്കുന്ന തിരശീല ഉണ്ടാക്കി. ഈ തിരശീലയാണ് "ശലോമോന്റെ റുമാൽ' എന്നാണ് യാക്കോബിന്റെ സുവിശേഷം വെളിപ്പെടുത്തുന്നത്.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രാജാവിനാൽ നിർമ്മിക്കപ്പെട്ട യറുശലേം ദേവാലയത്തിലെ തിരശീല നമ്മുടെ കർത്താവിന്റെ ശരീരമാകുന്നു എന്നു എബ്രായാ ലേഖന കർത്താവു വെളിപ്പെടുത്തുന്നു (എബ്ര 10:19). കർത്താവിന്റെ മരണ സമയത്തു ഈ തിരശീല മേൽ മുതൽ അടിവരെ രണ്ടായി കീറിപ്പോയി (മത്താ.27:51). നമ്മുടെ കർത്താവിനു മാതാവായി തീരുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട കന്യകമറിയാമിന്റെ ഉദരത്തിലാണ് ദൈവത്വവും മനുഷ്യത്വവുമായ നൂലുകൾ ചേർത്ത് ലോക രക്ഷിതാവായ കർത്താവിന്റെ ശരീരം രൂപപ്പെട്ടത്. കർത്തൃ ശരീരമായ ഈ തിരശ്ശില കീറപ്പെട്ടപ്പോളാണ് നമുക്കേവർക്കും കൃപാസനത്തോളം അടുത്തു ചെല്ലുവാൻ ഭാഗ്യം സിദ്ധിച്ചത്. (എബ്ര.10:19-27)

പരിശുദ്ധ സഭയിൽ ദൈവമാതാവിന്റെ സ്ഥാനം എന്താണെന്നു ഈ പാഠങ്ങൾ വ്യക്തമാക്കുന്നു. തങ്ങളേക്കാൾ ഉന്നതമായ സ്ഥാനത്താണ് ദൈവമാതാവിനെ നാം കാണേണ്ടതെന്നു ശ്ലീഹന്മാർ നമ്മോടു കല്പിക്കുന്നു. അവളുടെ താഴാഴ്മയും സമർപ്പണവുമാണ് ദൈവത്തിനു തന്റെ ഏകജാതനായ പുത്രനിലൂടെ ലോകത്തിന്റെ രക്ഷാദൗത്യം പൂർത്തീകരിക്കാൻ സാധിച്ചത്. നമുക്ക് ഈ അമ്മയെ ബഹുമാനിക്കേണ്ടതുപോലെ ബഹുമാനിക്കാം. ആ മദ്ധ്യസ്ഥതയിൽ നമുക്കും അഭയം പ്രാപിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയ ക്നാനായ സമുദായ അംഗങ്ങളെ

സമുദായത്തിന്റെ 2018/2019 ലെ വാർഷിക റിപ്പോർട്ടും കണക്കും, സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും കണക്കും പാസ്സാക്കുന്നതിനുവേണ്ടി 30/08/2019 കൂടിയ ക്നാനായ അസോസിയേഷൻ മീറ്റിങ്ങിനെകുറിച്ചു പ്രതിപാദിക്കട്ടെ.

അസോസിയേഷൻ പ്രസിഡന്റ് റെവ. ഡോ. എ. റ്റി. ഏബ്രഹാം കശീശ്ശായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെരി. റവ. ചിറയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പയുടെ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. യോഗത്തിൽ ധ്യാനപ്രസംഗം നടത്തിയത് മണിമല റവ. ഡോ. തോമസ് ജേക്കബ് അച്ചൻ ആയിരുന്നു. അതിനുശേഷം ഈ അടുത്ത സമയത്ത് നിര്യാതനായ നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റിയുടെ മുൻ അഡ്മിനിസ്ട്രേറ്റർ ഫിലിപ്പ് അച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പിന്നീട് ഒരു വൈദികനും രണ്ട് അല്മായരും പുതുതായി സത്യപ്രതിജ്ഞ ചെയ്ത് അസോസിയേഷൻ മെമ്പർമാർ ആയി.

പിന്നീട് ഫാ. ഡോ. എ. റ്റി. ഏബ്രഹാം സമുദായത്തിലെ നിർധനരായ പാവപ്പെട്ടവരുടെയും വൈദികരുടെയും ഉന്നമനത്തിനുവേണ്ടി 60 ലക്ഷം രൂപ ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്ത് ഒരു ട്രസ്റ്റിന് രൂപം കൊടുക്കുന്നതിനുവേണ്ടി സമുദായ സെക്രട്ടറി അതിന്റെ ബൈലോ വായിച്ചു. അതിൽ പ്രധാനമായി പറഞ്ഞിരുന്നത് ഈ ട്രസ്റ്റിന്റെ രക്ഷാധികാരി എല്ലാകാലത്തും സമുദായ മെത്രാപ്പോലീത്താ ആയിരിക്കും. അതുപോലെ ഇതിന്റെ പ്രസിഡന്റ് ഡോ. എ. റ്റി. ഏബ്രഹാം അച്ചനും (അതാതു കാലയളവിലെ അസോസിയേഷൻ പ്രസിഡന്റ്), മാനേജിംഗ് കമ്മിറ്റി, അതാതുകാലത്തെ വികാരിജനറാൾ, വൈദിക സെക്രട്ടറി, അസോസിയേഷനിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പ്രതിനിധികൾ തുടങ്ങിയവർ ആയിരിക്കും. ഇതു സമുദായത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കും എന്നും ബൈലോയിൽ പറഞ്ഞിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. തുടർന്ന് ബഹുമാനപ്പെട്ട അച്ചനെ അനുമോദിച്ചുകൊണ്ട് ആ ട്രസ്റ്റിന് അംഗീകാരം കൊടുത്തു അസോസിയേഷൻ പാസ്സാക്കി.

തുടർന്ന് പൗരോഹിത്യ ശുശ്രൂഷയിൽ 60 വർഷം പൂർത്തിയാക്കിയ ചിറയിൽ എം. എ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പയെ യോഗം അനുമോദിച്ചു.

തുടർന്ന് ചോദ്യോത്തരവേളയിലേക്ക് സഭ കടന്നു. സമുദായ സെക്രട്ടറി ചോദ്യങ്ങൾക്ക് വിശദമായ മറുപടി നൽകി. വൈദികരുടെ ശമ്പളവർദ്ധനവിനെക്കുറിച്ച് വന്ന ചോദ്യത്തിൽ ക്നാനായ കമ്മിറ്റിയെയും അസോസിയേഷനേയും അനുമോദിച്ചുകൊണ്ട് ഐക്യകണ്ഠേന വൈദികയോഗം പാസ്സാക്കിയ തീരുമാനം സമുദായ സെക്രട്ടറി വായിച്ചു. ഏതാണ്ട് രണ്ടുമണിവരെ ചോദ്യോത്തരം തുടർന്നു അതിനുശേഷം സഭ ഉച്ചഭക്ഷണത്തിന് പിരിഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം സഭ 3 മണിക്ക് കൂടുകയുണ്ടായി. ഉച്ച കഴിഞ്ഞുള്ള സെഷനിൽ കുഴികണ്ടത്തിൽ പി. എ. ഏബ്രഹാം അവതാരകനും ബൈജുമോൻ ചാക്കോ അനുവാദകനുമായി ഒരു പ്രമേയം യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആ പ്രമേയത്തിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത്.

അമേരിക്കയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോക്ടർ സൈമൺ കോറെപ്പിസ്കോപ്പയുടെ പേരിലുള്ള കെ.എം.എസ് ഫണ്ട് നാട്ടിലെ പാവപ്പെട്ട വൈദിക വിദ്യാർത്ഥികൾക്ക് സെമിനാരി വിദ്യാഭ്യാസത്തിനുവേണ്ടി ഉണ്ടാക്കിയ ഒരു ഫണ്ടായിരുന്നു. ഇപ്പോഴുള്ള വൈദികർക്കും ഈ ഫണ്ടിൽ നിന്നും സഹായം ലഭിച്ചിട്ടുള്ളതാണ്. 2009 നുശേഷം ഈ ഫണ്ട് ഗുണഭോക്താക്കളായ വൈദിക വിദ്യാർത്ഥികൾക്ക് ഒരു സഹായവും ലഭിച്ചിട്ടില്ല. ഈ ഫണ്ടിന്റെ ബൈലോ അനുസരിച്ചും സമുദായ ഭരണഘടന അനുസരിച്ചും അല്ല ഈ ട്രസ്റ്റ് പ്രവർത്തിക്കുന്നത് എന്നും അതിന്റെ അടിസ്ഥാനത്തിൽ സമുദായത്തിന്റെ ഉത്തരവാദിത്വപ്പെട്ടവർ ഈ ഫണ്ടിൽ അനധികൃതമായി ഇടപെട്ടു എന്നും വിശദമായ കാര്യകാരണങ്ങൾ നിരത്തുകയും ആയതിനാൽ വൈദിക വിദ്യാർത്ഥികൾക്ക് കിട്ടേണ്ടിയിരുന്ന സാമ്പത്തിക സഹായം നഷ്ടപ്പെടുത്തി എന്നുമായിരുന്നു പ്രമേയത്തിന്റെ സംക്ഷിപ്തരൂപം.

ഈ പ്രമേയം ചർച്ചകൾക്കുശേഷം വോട്ടിന് ഇടുകയും പ്രമേയത്തെ അനുകൂലിച്ച് 70 അംഗങ്ങൾ വോട്ട് ചെയ്യുകയും എതിർത്തു 23 പേർ വോട്ടു ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രമേയം പാസ്സായതായി പ്രസിഡന്റ് പ്രഖ്യാപിച്ചു. പിന്നീട് സമുദായത്തിന്റെ 2018/2019 ലെ വാർഷിക റിപ്പോർട്ടും കണക്കും സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും കണക്കും അസോസിയേഷൻ പാസ്സാക്കി. ഏതാണ്ട് നാലുമണിക്ക് പ്രാർത്ഥനയോടുകൂടി യോഗം പര്യവസാനിച്ചു. ഇതാണ് കഴിഞ്ഞ അസോസിയേഷനിലെ സംക്ഷിപ്തരൂപം.

കെ.എം.എസ് ഫണ്ട് സമുദായത്തിലെ വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനുവേണ്ടി കെ. എം. സൈമൺ അച്ചന്റെ പേരിൽ തുടങ്ങിയതാണ്. 2009 വരെ കേരളത്തിലെ വൈദിക വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം മുഴുവൻ ലഭിച്ചിരിക്കുന്നു. എന്നാൽ 2009-നുശേഷം സമുദായവുമായി ഒരു ബന്ധവും ഇല്ലാതെയായിരുന്നു ഇതിന്റെ പ്രവർത്തനം. ഇടയ്ക്ക് ഒന്നുരണ്ടു പ്രാവശ്യം നാട്ടിലെ വൈദിക വിദ്യാർത്ഥികൾക്ക് കൊടുത്തു എന്നുപറയുന്നു. എന്നാൽ ഫണ്ടിന്റെ ബൈലോയിൽ പറഞ്ഞിരിക്കുന്നതുപോലെ ക്നാനായ സമുദായ വൈദിക കൗൺസിലിന്റെ റെക്കമെന്റേഷൻ ചീഫ് മെത്രാപ്പോലീത്തായ്ക്ക് കൊടുത്തതിനുശേഷം മെത്രാപ്പോലീത്തായുടെ അനുമതിക്കു വിധേയമായി ട്രസ്റ്റ് കമ്മിറ്റി വിത

രണം ചെയ്യും എന്നാണ്. കൂടാതെ ഫുൾടൈം വൈദികർക്ക് കൊടുക്കണം എന്നാണ്. എന്നാൽ ഒരു ട്രസ്റ്റിന്റെയും സ്ഥാപന ഉദ്ദേശത്തിൽനിന്നും വ്യതിചലിക്കുവാൻ നിയമം ഇല്ല. സ്ഥാപന ഉദ്ദേശം സമുദായത്തിലെ നാട്ടിലുള്ള വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനുവേണ്ടിയാണ്. ആയതിനാൽ ഈ ട്രസ്റ്റിന്റെ ഭാരവാഹികളോട് വളരെ താഴ്മയായി അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ 9 വൈദിക വിദ്യാർത്ഥികൾ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരാൾക്ക് ഒരു വർഷം 50000 രൂപാ വേണം. വളരെ ബുദ്ധിമുട്ടിലാണ് ആ കുട്ടികൾ. അവരെ നിങ്ങൾ സഹായിക്കണം. ഇവിടെനിന്നും അമേരിക്കയിൽ ഇതിന്റെ പലിശ കൊണ്ടുപോയാൽ അവിടെ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് എന്താകാനാ. അമേരിക്കയിൽ വൈദികൻ ആകുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നു എന്നു വരുകിൽ നാട്ടിൽ വന്നു വൈദിക കോളേജിൽ 4 വർഷം പഠിച്ചാൽ നമ്മുടെ സുറിയാനി സഭയുടെ പാരമ്പര്യവും ശുശ്രൂഷകളും ഭംഗിയായിട്ട് പഠിക്കുവാൻ പറ്റും. ഇത് എന്റെ ഒരു അഭിപ്രായം മാത്രം.

ക്നാനായ സമുദായത്തിന്റെ ഒരു ചിരകാല അഭിലാഷ മാണ് ഒരു കോളേജ്. അതിന് അസോസിയേഷൻ അനുവാദം തന്നിട്ടുമുണ്ട്. രണ്ട് സ്ഥലങ്ങൾ ക്നാനായ കമ്മിറ്റിയും സമുദായ മെത്രാപ്പോലീത്തായും കൂടി കാണുകയുണ്ടായി. ഇത് കൂടാതെ ഇനിയും വേറെ രണ്ട് സ്ഥലങ്ങൾകൂടി കാണുന്നതിന് തീരുമാനിച്ചു. ഇതിൽ ഏതെങ്കിലും അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാവരും പ്രാർത്ഥിക്കണം. നമ്മുടെ ആസ്ഥാനമന്ദിരമായ മോർ അപ്രേം സെമിനാരിയുടെ നവീകരണം അവസാന ഘട്ടത്തിലാണ്. രണ്ട് മാസത്തിനകം കൂദാശ ചെയ്യാം എന്നു പ്രതീക്ഷിക്കുന്നു. കൂടാതെ കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിൽ ചെല്ലുമ്പോൾ വിശ്രമിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾക്കുമായുള്ള കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇങ്ങനെ സമുദായം വികസനത്തിന്റെ പാതയിൽകൂടി മുന്നേറുമ്പോൾ ആരോഗ്യകരമായ വിമർശനങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ പ്രവർത്തിക്കുന്നവരെ പിന്നോട്ടു വലിക്കുന്ന രീതിയിൽ മാനസികമായി തളർത്തുന്ന വിമർശനങ്ങൾ സമുദായ പുരോഗതിയെ ബാധിക്കും എന്നു പറയാതെ വയ്യ.

ഇന്നു ലോകത്തിനുതന്നെ അത്ഭുതമായി നിൽക്കുന്ന ഒരു ജനതയാണ് ക്നാനായക്കാർ. നമ്മുടെ പാരമ്പര്യവും, പൈതൃകവും, വംശശുദ്ധിയും, സ്വവംശവിവാഹവും, ഭരണഘടനയും, അസോസിയേഷനും, അന്യോന്യബന്ധവും അങ്ങനെ എല്ലാം എല്ലാം പൂർവ്വപിതാക്കന്മാർ 1674 വർഷം കാത്തുസൂക്ഷിച്ചു. അതിൽനിന്നും ഒരു അണുവിടപോലും വ്യതിചലിക്കാൻ നമ്മൾ തയ്യാറല്ല. ഇതെല്ലാം അനുസരിച്ചു മുൻപോട്ടു പോകുന്നതിന് എല്ലാ സമുദായ അംഗങ്ങളും, ബഹു. വൈദികരും, സമുദായ മെത്രാപ്പോലീത്തായും, സഹായ മെത്രാപ്പോലീത്തന്മാരും ബാധ്യസ്ഥരാണ്. നമ്മുടെയിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ നമ്മൾ ഒരേ രക്തമാണ് അത് ഇവിടെതന്നെ പറഞ്ഞ് തീർക്കുവാൻ നമുക്ക് സാധിക്കും. പുറംലോകം അറിഞ്ഞു നമ്മൾ അപഹാസ്യരാവരുത് എന്ന് വളരെ വിനയത്തോടെ അറിയിക്കട്ടെ. ഒരു സമാധാന അന്തരീക്ഷം സമുദായത്തിൽ ഉണ്ടായതാണ്. അതു നിലനിർത്തി കൊണ്ടുപോകുവാൻ ക്നാനായ കമ്മിറ്റി പരമാവധി ശ്രമിക്കുമ്പോൾ ആരും അതിന് വിഘാതം നിൽക്കരുത്.

നമ്മുടെ സഹോദര സഭയായ യാക്കോബായ സഭയിലെ സഹോദരന്മാർക്ക് ഇപ്പോഴുണ്ടായിരിക്കുന്ന പ്രയാസങ്ങൾക്കും നഷ്ടങ്ങൾക്കും കണക്കില്ല. ഏതു കോടതിവിധിയിലൂടെ ആയാലും കഷ്ടപ്പെട്ട് വിയർപ്പൊഴുക്കി അദ്ധ്വാനിച്ചുണ്ടാക്കിയ പള്ളികളും സ്വത്തുക്കളും പിടിച്ചെടുത്ത് പെരുവഴിയിൽ ഇറക്കിവിട്ടു കുർബാന അർപ്പിക്കുവാൻ ഇടവരുത്തിയ സാത്താനിക സന്തതികളെ പിടിച്ചെടുത്ത ദേവാലയങ്ങളിലെ നിങ്ങളുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. ഒരു കാലത്തും നിങ്ങൾക്കു തമ്പുരാൻ മാപ്പുതരില്ല. അത് കാലം തെളിയിക്കും തീർച്ച. ക്നാനായ സമുദായത്തിന്റെ അഗാധമായ ദുഃഖവും ഐക്യദാർഢ്യവും യാക്കോബായ സഭയെ അറിയിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യം നമ്മുടെ ഈ കൊച്ച് സമുദായത്തിന് ഉണ്ടാകുവാൻ ഇടയാക്കരുതേ എന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

●

പ്രിയരെ,

ക്നാനായദീപം പ്രിന്റു ചെയ്യുന്ന ദൈനംദിന ചിലവുകൾ വർദ്ധിക്കുന്നതിനാൽ 2020 ജനുവരി ഒന്നുമുതൽ ക്നാനായ ദീപത്തിന്റെ വരിസംഖ്യയും, പരസ്യചാർജുകളും ചെറിയതോതിൽ വർദ്ധിപ്പിക്കുകയാണ്. പുതുക്കിയ പരസ്യനിരക്കുകൾ ചുവടെ ചേർക്കുന്നു.

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**

# മലങ്കര സഭ

പ്രൊഫ. പി.കെ. സ്കറിയ, കുന്നത്തിൽ

(2019 മെയ് ലക്കത്തിൽനിന്ന് തുടർച്ച)

## 7 മുതൽ 10 വരെ നൂറ്റാണ്ടുകൾ

മലങ്കര സഭയുടെ മേൽപറഞ്ഞ നൂറ്റാണ്ടുകളിലെ ചരിത്ര സംബന്ധമായി രേഖാമൂലമുള്ള തെളിവുകൾ വിരളമാണ്. എന്നാൽ 7-ാം നൂറ്റാണ്ടിൽ അലക്സാൻഡ്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കലേക്ക് മലങ്കരയിൽ നിന്ന് ഒരു നിവേദക സംഘം പോവുകയും അവരുടെ പരിശ്രമ ഫലമായി അലക്സാൻഡ്രിയായിൽ നിന്ന് ഒരു യാക്കോബായ മെത്രാൻ എ. ഡി. 696 ൽ മലങ്കരയിൽ വന്നതായും ചരിത്രരേഖകൾ ഉണ്ട്.

പക്ഷെ എന്തുകൊണ്ട് മലങ്കരയിലേക്ക് മെത്രാനെ ലഭിക്കുവാൻ അന്ത്യോഖ്യായിലേക്കു പോകാതെ നിവേദക സംഘം അലക്സാൻഡ്രിയായിലേക്കുപോയി എന്ന ന്യായമായ സംശയം ഉണ്ട്. ആയതിന് ചില ചരിത്രകാരന്മാർ നൽകുന്ന മറുപടി ഇവർ അന്ത്യോഖ്യായിലേക്കാണ് ആദ്യം പുറപ്പെട്ടതെങ്കിലും സിറിയ പ്രദേശങ്ങളിൽ അവർക്ക് പ്രവേശനാനുമതി ലഭിക്കാതിരുന്നതുകൊണ്ടാണ് അവർ അലക്സാൻഡ്രിയാ പാത്രിയർക്കീസിന്റെ അടുക്കലേക്ക് പോയത് എന്നാണ്.

8-ാം നൂറ്റാണ്ടിലും അടുത്ത നൂറ്റാണ്ടുകളിലും മലങ്കരസഭയും പേർഷ്യയും ആയുള്ള ബന്ധം വെളിവാക്കുന്നത് പ്രധാനമായും മൂന്നു കൽകുരിശുകളാണ്. പേർഷ്യൻ കുരിശുകൾ എന്ന് അറിയപ്പെടുന്ന ഇവയിൽ ഒരെണ്ണം 1547 ൽ മൈലാപ്പൂരിനു സമീപമുള്ള സെന്റ് തോമസ് കുന്നിൽ കുഴിച്ചപ്പോൾ അവിടെനിന്നും പോർട്ടുഗീസ്കാർക്ക് കിട്ടുകയും അവർ അത് അവിടത്തെ റോമൻ കത്തോലിക്കാ ചാപ്പലിൽ സ്ഥാപിക്കയും ചെയ്തു. ബാക്കി രണ്ടു കുരിശുകളും പുരാതന ക്നാനായ ദൈവാലയമായ കോട്ടയം വലിയപള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. 'ഈ മൂന്നു കുരിശുരൂപങ്ങളിലെയും ലിഖിതങ്ങളിൽ വലിയ വ്യത്യാസം ഇല്ലെന്ന്, പുരാതന ഗ്രന്ഥശാസ്ത്രം അനുസരിച്ച് ഡോ. ബർണൽ അഭിപ്രായപ്പെടുന്നു. കോട്ടയം വലിയപള്ളിയിലെ പ്രധാന മദ്ബഹയ്ക്കു താഴെയുള്ള വടക്കെ ത്രോണോസിന്റെയും തെക്കെ ത്രോണോസിന്റെയും മുകളിലായി ആണ് പേർഷ്യൻ കുരിശുകൾ സ്ഥാപിച്ചിട്ടുള്ളത്. വടക്കെ ത്രോണോസിലെ വലുപ്പത്തിൽ അല്പം ചെറിയ കുരിശ് ഏഴാമത്തെയോ എട്ടാമത്തെയോ നൂറ്റാണ്ടിലും തെക്കേ ത്രോണോസിലെ വലിയ കുരിശ് പത്താം നൂറ്റാണ്ടിലും നിർമ്മിക്കപ്പെട്ടവ ആയിരിക്കണമെന്നാണ് പുരാതനഗ്രന്ഥ ശാസ്ത്രാനുസരണം ഡോ. ബർണൽ അഭിപ്രായപ്പെടുന്നത്.

മേൽപറഞ്ഞ മൂന്നുകുരിശുകളിലും സസ്സേനിയൻ രാജവംശകാലത്ത് പേർഷ്യയിലെ രാജകീയഭാഷ ആയിരുന്ന പാലവി (പഹലവി) ഭാഷയിലുള്ള എഴുത്തുകൾ ആണ് ഉള്ളത്. ഡോ. ബർണലിന്റെ അഭിപ്രായത്തിലും പരിഭാഷയിലും ആദ്യത്തെ രണ്ടു കുരിശുകളും വലിപ്പത്തിൽ ഒരേപോലെയും ലിഖിതങ്ങൾ ഒന്നുതന്നെയുമാണ്. ഈ ശിലാലിഖിതത്തെ ശാസ്ത്രീയമായി പരിശോധിച്ചിട്ടുള്ള യൂറോപ്യൻ പണ്ഡിതന്മാരിൽ ഡോ. ബർണലിന്റെ പരിഭാഷയാണ് കൂടുതൽ വിശ്വാസയോഗ്യം. അതിപ്രകാരം ആണ്.

*"സത്യ ദൈവവും മേലിനടുത്ത ദൈവവും എന്നേയ്ക്കും പരിശുദ്ധ വഴികാട്ടിയുമായ ഈ ഏകന്റെ കഷ്ടത കുരിശിന്മേലുള്ള ശിക്ഷയായിരുന്നു"*

*(In punishment by the cross (was) the suffering of the one; He who is true God, God above, and Guide ever pure).*

കോട്ടയം വലിയപള്ളിയിലെ താഴത്തെ തെക്കേ ത്രോണോസിൽ സ്ഥാപിച്ചിട്ടുള്ള താരതമ്യേന വലിയ കുരിശിൽ മുൻപറഞ്ഞ ചെറിയ കുരിശുകളിൽ ഉള്ള ലിഖിതങ്ങൾ കൂടാതെ ഗലാത്യർ 6:14-ാം വാക്യത്തിന്റെ ആദ്യഭാഗം എസ്രാങ്കേലി സുറിയാനി ഭാഷയിൽ ഉദ്ധരിച്ചിരിക്കുന്നതായി കാണുന്നു. അതിപ്രകാരം ആണല്ലോ *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ എനിക്കു പുകഴ്ച ചെയ്യുവാൻ ഇടയാകരുതെ".*

*(May I never boast except in the cross of our Lord, Jesus Christ)*

പേർഷ്യൻ കുരിശുകളിലെ എഴുത്തുകൾ അനിഷേധ്യമായി തെളിയിക്കുന്നത് ആ നൂറ്റാണ്ടുകളിലും അതിനുശേഷവും മലങ്കരയിൽ നെസ്തോറിയ വിശ്വാസം അല്ല യാക്കോബായ വിശ്വാസം ആണ് പ്രബലമായിരുന്നത് എന്നാണ്. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും വേർപിരിക്കാനാവാത്ത വിധത്തിൽ ഏക സ്വഭാവവും ഏക ആള



PERSIAN CROSS IN CHAPEL ON ST THOMAS'S MOUNT.

Seventh or Eighth Century.

ത്വവും ആണ് ഉണ്ടായിരുന്നത് എന്നും തന്റെ ക്രൂശ് മരണസമയത്ത് ദൈവത്വം മനുഷ്യത്വത്തിൽ നിന്ന് ഒരു നിമിഷനേരത്തേക്കു പോലും വേർപെട്ടിട്ടില്ല എന്നും ആണല്ലോ യാക്കോബായ വിശ്വാസം. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ എന്നാണല്ലോ നമ്മുടെ പ്രാർത്ഥന. അതുതന്നെയാണല്ലോ പേർഷ്യൻ കുരിശുകളിലെ ലിഖിതങ്ങളും അർത്ഥമാക്കുന്നത്.

**10-ാം നൂറ്റാണ്ടിൽ ഹൈന്ദവ ഭരണാധിപന്മാരെ ഉപേക്ഷിച്ച് ക്രൈസ്തവരിൽ ഒരാളെതന്നെ രാജാവായി പ്രതിഷ്ഠിക്കുവാൻ തക്കവണ്ണം ധനത്തിലും സ്വാധീനത്തിലും ക്രൈസ്തവർ അഭിവൃദ്ധി പ്രാപിച്ചിരുന്നു.**

എന്നാൽ സത്യദൈവമായ ക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് നെസ്തോറിയർ വിശ്വസിക്കുന്നില്ല. ക്രിസ്തുവിൽ മനുഷ്യനും ദൈവവുമായി രണ്ട് ആളത്വങ്ങൾ ഉണ്ടായിരുന്നു എന്നും ക്രൂശിൽ കിടന്ന് കഷ്ടപ്പെട്ടു മരിച്ചത് മനുഷ്യനായ യേശു അഥവാ തന്റെ മനുഷ്യത്വം മാത്രമാണ് എന്നും ആണല്ലോ നെസ്തോറിയ വിശ്വാസം.

1550 ൽ സ്ഥാപിതമായ കോട്ടയം വലിയപള്ളിയിലെ പേർഷ്യൻ കുരിശുകൾ ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂരിൽ നിന്നു 'പോന്നപ്പോൾ കൂടെ കൊണ്ടുവന്നുസ്ഥാപിച്ചതാണ് എന്നാണ് ഐതിഹ്യം'.

### മലങ്കരയിലെ രണ്ടാമത്തെ ക്രൈസ്തവ (സിറിയൻ) കുടിയേറ്റം മാർ സാബോർ മാർ ഫ്രോത്ത് (ഫെറോസ്)

എ.ഡി.825 ൽ (822) സാപ്പാർ ഈശോ എന്ന വ്യാപാരിയുടെ നേതൃത്വത്തിൽ ഒരു സംഘം സുറിയാനിക്കാർ കേരളത്തിൽ കുടിയേറിയതായി ചരിത്രം സാക്ഷിക്കുന്നു. ഈ സംഘത്തിൽ സാഫോർ എന്നും ഫ്രോത്ത് (ഫെറോസ്) എന്നും പേരുള്ള രണ്ടു മെത്രാന്മാരും ഉണ്ടായിരുന്നു. അക്കാലത്ത് കേരളത്തിലെ പ്രധാന വാണിജ്യകേന്ദ്രമായിരുന്ന കൊല്ലത്തു വന്നിറങ്ങിയ അവർ രാജപ്രീതിക്കു പാത്രീഭൂതരാവുകയും കരക്കേണികൊല്ലത്ത് ഈശോദത്തവീരൻ എന്ന ആൾ സ്ഥാപിച്ച തരീസാ (ചൊവ്വായ....സ്തുതി ചൊവ്വാകപ്പെട്ട) പള്ളിക്ക് സ്ഥാണു രവിഗുപ്തൻ രാജാവിന്റെ കല്പന അനുസരിച്ച് അയ്യൻ അടികൾ (അടിഗാൽ) എന്ന ആൾ കൊടുത്ത 4 തകിടുകളിലായി 7 വശങ്ങൾ വരുന്ന ശാസനം അനുസരിച്ച് തരീസാപള്ളിക്കും ഇടവകക്കാർക്കും കരമൊഴിവായി ഒരു ദേശവും ഏതാനും പുറജാതി കുടുംബങ്ങളിൻമേലുള്ള അവകാശവും ചില സാമൂഹ്യ പദവികളും അനുവദിച്ചു. ഇങ്ങനെ കരമൊഴിവായി കിട്ടിയ ദേശത്ത് സിവിലായും ക്രിമിനലായും ഉള്ള സർവ്വ അധികാരവും പള്ളി പ്രമാണികൾക്ക് നൽകി. ഈ ശാസനം തമിഴ്-മലയാളം ലിപികളിൽ ആണെങ്കിലും രണ്ടു വശങ്ങൾ പാലവി-അറബി ഭാഷകളിലാണ്.

ആധുനിക കൊല്ലം പട്ടണം സ്ഥാപിച്ചതും കൊല്ലവർഷം നാട്ടിൽ പ്രചരിപ്പിച്ചതും ഈ സിറിയൻ ക്രിസ്ത്യാനികൾ ആയിരുന്നു എന്ന് കരുതപ്പെടുന്നു. എന്നാൽ കൊല്ലത്തും സമീപപ്രദേശങ്ങളിലും താമസിച്ച അവരുടെ സന്തതികൾ നാട്ടുക്രിസ്ത്യാനികളുമായുള്ള മിശ്രവിവാഹത്തിന് ഒട്ടും വൈമനസ്യം കാണിച്ചിരുന്നില്ല. അതിനാൽ മലങ്കര സഭയുടെ തെക്കൻ ഇടവകകളിലെ ജനങ്ങൾ ഈ സംഘാംഗങ്ങളുടെ സന്തതികളാണെന്ന് അഭിമാനിക്കുന്നു.

സാബോർ/ ഫ്രോത്തുമാർ മലങ്കരയിൽ വന്ന് അത്ഭുതങ്ങൾ സാധിച്ചുവെങ്കിലും അവർ പിന്നീട് ബാബേലിലേക്ക് മടങ്ങിപോവുകയോ അതോ കൊല്ലത്തു തന്നെ മരിച്ച് അടക്കപ്പെടുകയോ ചെയ്തു എന്നതിന് പറയത്തക്ക തെളിവുകൾ ഇല്ല.

മേൽപറഞ്ഞ മെത്രാന്മാർക്ക് കൊല്ലം രാജാവിൽനിന്നു കിട്ടിയ ചൊപ്പട്ടുകൾ (ചെമ്പേടുകൾ) ഉദയംപേരൂർ സുന്നഹദോസിനുശേഷം മെനസിസ് തേവലക്കരപള്ളി സന്ദർശിച്ചപ്പോൾ അവിടുത്തെ ക്രിസ്ത്യാനികൾ ആയവ ഒരു വളയത്തിൽ കോർത്ത് അദ്ദേഹത്തെ കാണിച്ചു എന്നു പറയപ്പെടുന്നു.

ഏതായാലും സാബോർ/ഫ്രോത്തുമാർ റോമൻ കത്തോലിക്കാ വിശ്വാസികളോ നെസ്തോറിയരോ ആയിരുന്നില്ല എന്നതിനു തെളിവുകൾ ഉണ്ട്. ഇപ്പോഴും യാക്കോബായ സുറിയാനിക്കാരുടെ ഒരു പ്രമുഖ ദേവാലയമായ അങ്കമാലി അകപറമ്പുപള്ളിയിൽ സാബോർ/ഫ്രോത്തുമാരുടെ ഓർമ്മ ആഘോഷിച്ചുവരുന്നു.

ഒമ്പതും പത്തും നൂറ്റാണ്ടുകൾ മലങ്കര സഭയുടെ ശുക്രദശാ കാലഘട്ടമായിരുന്നു. പ്രത്യേകിച്ച് 10-ാം നൂറ്റാണ്ടിൽ ഹൈന്ദവ ഭരണാധിപന്മാരെ ഉപേക്ഷിച്ച് ക്രൈസ്തവരിൽ ഒരാളെതന്നെ രാജാവായി പ്രതിഷ്ഠിക്കുവാൻ തക്കവണ്ണം ധനത്തിലും സ്വാധീനത്തിലും ക്രൈസ്തവർ അഭിവൃദ്ധിപ്രാപിച്ചിരുന്നു. വില്ലിയാർവട്ടം എന്ന സുറിയാനി രാജകുടുംബം "ഉദയംപേരൂർ സിംഹാസനം" സ്ഥാപിക്കയും രാജാക്കൻമാരുടെ യുദ്ധങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ഈ രാജവംശം അന്യംനിന്നുപോയി. രാജ്യം കൊച്ചിയിലെ രാജാവിന്റെ അധീനതയിൽ ആയതായി പറയപ്പെടുന്നു. സുറിയാനിക്കാർ അവരുടെ രാജാവിന്റെ ചെങ്കോൽ (രണ്ട് അറ്റത്തും വെള്ളി കെട്ടിച്ചതും മുകൾഭാഗത്ത് മൂന്നു ചെറിയ വെള്ളിമണികൾ ഉള്ളതുമായ ചുവന്ന വടി) ഭദ്രമായി സൂക്ഷിച്ച് പോർട്ടുഗീസ്കാർ വന്നപ്പോൾ അവർക്ക് സമ്മാനമായി കൊടുത്തു എന്നു പറയപ്പെടുന്നു.

ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ അന്ത്യോഖ്യായിലെയും അലക്സാൻഡ്രിയായിലെയും പാത്രിയർക്കീസ്മാർ കഴിവും ദീർഘദൃഷ്ടിയും ഉള്ളവരും സമർത്ഥരും ദൈവഭക്തി ഉള്ളവരും ആയിരുന്നു. തൽഫലമായി സുറിയാനി യാക്കോബായ ക്രൈസ്തവ സമൂഹവും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽക്കോയ്മയും കേരളമൊട്ടുക്കു മാത്രമല്ല പേർഷ്യ, അറേബ്യ, സിറിയ, മെസപ്പൊട്ടോമിയ, അർമ്മീനിയാ മുതലായ രാജ്യങ്ങൾ കൂടാതെ ചൈനയിലും ചെങ്കടലിന്റെ തീരം വരെയും ഇൻഡ്യൻ മഹാസമുദ്രത്തിലെ ദ്വീപുകളിലും വ്യാപിച്ചിരിന്നു. അതുകൊണ്ടാണല്ലോ പോർട്ടുഗീസുകാർ ഇൻഡ്യൻ മഹാസമുദ്രത്തിൽ പ്രവേശിച്ചപ്പോൾ ചെങ്കടലിന്റെ തീരപ്രദേശങ്ങളിലുള്ള ജനങ്ങൾ യാക്കോബായ വിശ്വാസം സ്വീകരിച്ചവരായി കാണപ്പെട്ടത്.

നേരെമറിച്ച് ഈ കാലഘട്ടത്തിൽ നെസ്തോറിയർ തീർത്തും ക്ഷയോൻമുഖരായിത്തീരുകയും പലപട്ടണങ്ങളിലും ഒരുപള്ളിക്ക് ആവശ്യമായ ജനങ്ങൾപോലും ഇല്ലാതെ വരികയും പലസ്ഥലങ്ങളിലും അവർ സഹോദരസഭകളുമായി ഏകീഭവിക്കയും ക്രമേണ നാമാവശേഷമായിത്തീരുകയും ചെയ്തു.

# മാതൃകയാക്കാം ഈ മകനെ

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

അവിചാരിതമെന്നു പറയട്ടെ, ഞാൻ അവനെ കണ്ടുമുട്ടിയത് തമിഴ്നാട്ടിലെ കോളേജിൽവച്ചാണ്. നഷ്ടപ്പെട്ടുപോയ ഒരു സർട്ടിഫിക്കറ്റിന്റെ കോപ്പി തേടി ആ കോളേജിൽ പോയ സഹോദരനൊപ്പം പോയതാണ്. അന്നു ഞാൻ കോളേജിന്റെ പ്രധാന കവാടത്തിൽ എത്തിയപ്പോൾതന്നെ, കോളേജിന് വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു എന്നു സഹോദരൻ എന്നോടു പറഞ്ഞു. അദ്ദേഹം ആ പടി ഇറങ്ങിയിട്ട് വർഷങ്ങൾ ഏറെ പിന്നിട്ടിരിക്കുന്നു. പണ്ടുണ്ടായിരുന്ന കെട്ടിടങ്ങൾ ഒന്നും ഇന്നവിടില്ല, ഓഫീസ് കെട്ടിടത്തിനു സ്ഥാനചലനം വന്നിരിക്കുന്നു. പുതിയ ധാരാളം കെട്ടിടങ്ങൾ തിരിച്ചറിയാൻ പറ്റാത്തവണ്ണം കോളേജിന് എന്തൊക്കെ മാറ്റങ്ങൾ, സെക്യൂരിറ്റി ജീവനക്കാരനോട് ഓഫീസ് കെട്ടിടത്തിന്റെ സ്ഥാനം ചോദിച്ചറിഞ്ഞ് നടന്നു നീങ്ങുമ്പോൾ, മുന്നിൽ പ്രത്യക്ഷപ്പെട്ട വിദ്യാർത്ഥി യോട് 'ഓഫീസ് എങ്കെ' എന്ന ഞങ്ങളുടെ ചോദ്യത്തിൽ, ഞങ്ങൾ മലയാളികളാണെന്ന് അവൻ തിരിച്ചറിഞ്ഞിട്ടാകാം അവൻ ചോദിച്ചു "ആർ യൂ ഫ്രം കേരള" 'യെസ്' മലയാളിതന്നെ. ആശ്വാസത്തോടെയുള്ള ഞങ്ങളുടെ മറുപടി കേട്ട അവൻ, എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ എന്നോടു പറയാമെന്നു വിനീതനായി പറഞ്ഞു. ഓഫീസ് കെട്ടിടം ഒന്നു കാട്ടിതന്നാൽ വളരെ ഉപകാരമായിരുന്നു എന്ന് അവനോടു പറഞ്ഞപ്പോൾ 'ഓ' അതിനെന്താ എന്റെ ഒപ്പം വന്നാൽ മതി എന്നു പറഞ്ഞ് അവൻ നടന്നു. പിന്നാലെ ഞങ്ങളും. മോന്റെ വീട് കേരളത്തിൽ എവിടെയാണ്? സ്ഥലം പറഞ്ഞപ്പോൾ അത് എനിക്ക് പരിചയമുള്ള രണ്ടുമൂന്നു പഴയ സുഹൃത്തുക്കളുടെ ജന്മനാടാണ്. അവരിൽ ഒരു സുഹൃത്തിന്റെ പേര് പറഞ്ഞ് അദ്ദേഹത്തെ അറിയുമോ എന്നു ഞാൻ ചോദിച്ചപ്പോൾ അവൻ ഒന്നു നിന്നു. അദ്ദേഹം എനിക്കൊപ്പം സ്കൂളിൽ പഠിച്ചതാണെന്നും, പിന്നീട് ഒരിക്കലും കാണാൻ കഴിഞ്ഞിട്ടില്ലെന്നും പറഞ്ഞു. താങ്കൾ പറഞ്ഞ ആ പഴയ സുഹൃത്തിന്റെ മകനാണ് ഞാനെന്ന് അവൻ എന്നോടു പറഞ്ഞപ്പോൾ അവനെ ഒന്നു ചേർത്തുപിടിക്കാൻ എനിക്കു തോന്നി. അച്ഛൻ എന്തുചെയ്യുന്നു? അമ്മ? നിങ്ങൾ മക്കൾ എത്രപേർ? വിശേഷങ്ങൾ എല്ലാം സുഹൃത്തിന്റെ മകനോടു ഞാൻ ചോദിച്ചറിഞ്ഞു. അച്ഛൻ റെയിൽവേ സ്റ്റേഷനിൽ പോർട്ടറായി ജോലിനോക്കുന്നു. അമ്മ പണിക്കൊക്കെ പോകുന്നു. ഞങ്ങൾ രണ്ടുമക്കൾ പഠിക്കുന്നു. ഒന്നും മറച്ചുവയ്ക്കാനില്ലാതെ എന്റെ ചോദ്യത്തിനു മറുപടി എന്നവണ്ണം അവൻ എല്ലാം പറഞ്ഞു. അച്ഛനെ വിളിക്കുമ്പോൾ അങ്കിളിനെ കണ്ടതും പരിചയപ്പെട്ടതും പറയണം. എന്നെ അച്ഛൻ നന്നായറിയും ഒരേ ബെഞ്ചിലിരുന്നു പഠിച്ച നല്ല സുഹൃത്തുക്കളായിരുന്നു ഞങ്ങൾ. അച്ഛനെ പ്രത്യേകം അന്വേഷണം അറിയിക്കുകയും വേണം. ഓഫീസ് കെട്ടിടം കാട്ടിതന്ന് തന്റെ മൊബൈൽ നമ്പറും തന്ന്, ഓഫീസ് സംബന്ധമായ കാര്യങ്ങൾ എല്ലാം കഴിയുമ്പോൾ അങ്കിൾ വിളിക്കണം ഞാൻ വന്നു കൊള്ളാം എന്നു പറഞ്ഞ് അവൻ നടന്നു നീങ്ങി. ഓഫീസിൽ എത്തി കാര്യങ്ങൾ സംസാരിച്ചപ്പോൾ അടുത്ത ദിവസമേ കാര്യങ്ങൾ എല്ലാം ശരിയാക്കി ഞങ്ങൾക്ക് അവിടെനിന്നു മടങ്ങാനാകൂ എന്നു മനസ്സിലായി. സുഹൃത്തിന്റെ മകനെ അവന്റെ നമ്പരിൽ വിളിച്ച് വിവരങ്ങൾ ധരിപ്പിച്ചു. അവൻ വന്നു ഞങ്ങളെ കൂട്ടിക്കൊണ്ട് അടുത്തുള്ള ഹോട്ടലിൽ ഒരു മുറി തരപ്പെടുത്തി തന്നു. സഹോദരൻ പണ്ടു പഠിച്ച കോളേജല്ലേ, അദ്ദേഹത്തിന് അവിടെയെല്ലാം ചുറ്റിക്കാണാൻ ആഗ്രഹം. സമയവും ധാരാളം, ഒപ്പം സുഹൃത്തിന്റെ മകൻ എന്തിനും സഹായിയായി ഞങ്ങൾക്കൊപ്പവും. കോളേജെല്ലാം ചുറ്റിക്കണ്ടു, ധാരാളം മലയാളി വിദ്യാർത്ഥികൾ, വലിയ ക്യാമ്പസ്, പഴയതും പുതിയതുമായ നിരവധി കെട്ടിടങ്ങൾ, പഴയകാല സ്മരണകൾ അയവിറക്കിക്കൊണ്ടിരിക്കെ സുഹൃത്തിന്റെ മകൻ അവന്റെ ഹോസ്റ്റൽ മുറിയിലേയ്ക്ക് ഞങ്ങളെ ക്ഷണിച്ചു. മുറിക്കുള്ളിൽ കടന്നുചെന്ന എനിക്ക് അവന്റെ കിടക്കയോട് ചേർന്നു ഭിത്തിയിൽ ഒട്ടിച്ചുവച്ചിരിക്കുന്ന ഒരു ഫോട്ടോ ശ്രദ്ധയിൽപ്പെട്ടു. തലയിൽ ഭാരമേറിയ ചുമടുമായി നടന്നു നീങ്ങുന്ന ഒരാളുടെ ചിത്രം. ഫോട്ടോയിലേക്കു സൂക്ഷിച്ചു നോക്കിയ എന്നോട് അവൻ പറഞ്ഞു അതാണ് എന്റെ അച്ഛൻ. അങ്കിളിന് അച്ഛന്റെ മുഖം ഓർമ്മവരുന്നുണ്ടോ? ഇല്ല ഓർമ്മ വരുന്നില്ല. വളരെ ചെറുപ്പത്തിൽ കണ്ടുപിരിഞ്ഞതല്ലെ, പഴയ ഫോട്ടോ വല്ലതും കൈവശം ഉണ്ടെങ്കിൽ ഒരു പക്ഷെ കണ്ടാൽ ആളെ മനസ്സിലാകും. ഇല്ല അങ്കിൾ, ഈ ഫോട്ടോ മാത്രമാണ് ഇപ്പോൾ ഞാൻ എന്റെ പക്കൽ സൂക്ഷിക്കുന്നത്. ഞാൻ ആരാണെന്ന് എന്നെ എപ്പോഴും ഓർമ്മപ്പെടുത്താൻ സഹായിക്കുന്ന എന്റെ അച്ഛന്റെ ഈ ഫോട്ടോ മാത്രമാണ് കൈവശമുള്ളത്. വിവിധങ്ങളായ തെറ്റുകളിലേയ്ക്ക് വഴുതിവീഴാൻ മറ്റുള്ളവരിൽനിന്നും എനിക്ക് പ്രലോഭനങ്ങൾ നേരിടുമ്പോൾ, അതിനെ അതിജീവിക്കാൻ അച്ഛന്റെ കഷ്ടപ്പാടിന്റെ മുഖമുള്ള ഈ ഫോട്ടോ എനിക്ക് കരുത്തുപകരും. അവന്റെ ഈ വാക്കുകൾ എന്നെ വല്ലാതെ സ്വാധീനിച്ചു. നിർദ്ധനകുടുംബത്തിൽ ജനിച്ച് വെറും ചുമട്ടുതൊഴിലാളി



ശേഷം 19 –ാം പേജിൽ

# വിവാഹിതരായി



Advt -

മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ എം.സി. ജേക്കബിന്റെയും മോളിക്കുട്ടി ജേക്കബിന്റെയും മകൻ **Tom**-ഉം തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ മുണ്ടയ്ക്കൽ റെജി തോമസിന്റെയും ഷീബ റെജിയുടെയും മകൾ **Maria**- ഉം തമ്മിലുള്ള വിവാഹം 2019 ജൂലൈ 8–ാം തിയതി അഭി. കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# വിവാഹിതരായി



Advt -

തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തൈക്കുറിഞ്ഞിയിൽ തോപ്പിൽ റ്റി.ഐ. തോമസിന്റെയും മേരിക്കുട്ടി തോമസിന്റെയും മകൻ **റോബിൻ റ്റി. തോമസും** കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കയ്യാലയ്ക്കകത്ത് Late. ബെന്നി ചാക്കോയുടെയും ജയിനമ്മ ബെന്നിയുടെയും മകൾ **രേഷ്മ ബെന്നിയും** തമ്മിലുള്ള വിവാഹം 22–08–2019–ൽ തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



Advt -

ചാന്നാനിക്കാട് കട്ടയിൽ കുടുംബാഗം കെ.ഐ. തോമസ്സിന്റെയും കുഞ്ഞമ്മ തോമസ്സിന്റെയും മകൻ **എൽവിൻ തോമസ്സും** ഉറുമ്പിക്കുന്നേൽ ഒ.എം. മാത്യുവിന്റെയും ഓമന മാത്യുവിന്റെയും മകൾ **ലിതായാ മാത്യുവും** വിവാഹിതരായി

# വിവാഹിതരായി



Advt -

നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി ഇടവകയിൽ പനയിടത്തുശ്ശേരിൽ പി.സി. ഏബ്രഹാമിന്റെയും ഷാന്റി ഏബ്രഹാമിന്റെയും മകൻ **റോഷൻ ഏബ്രഹാമും** ഈ പള്ളി ഇടവകയിൽ ചേരാറ്റുകളത്തിലായ പാറപ്പറമ്പിൽ ഏബ്രഹാം കുര്യന്റെയും (സണ്ണി) സിസി ഏബ്രഹാമിന്റെയും മകൾ **നിമ്മി ഏബ്രഹാമും** തമ്മിലുള്ള വിവാഹം 19–08–2019 ൽ നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# വിവാഹിതരായി



റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി ഇടവകയിൽ ഇടശ്ശേരിൽ മേപ്രത്ത് കുഞ്ഞുമോൻ ഏബ്രഹാമിന്റെയും (കുഞ്ഞ്) ഷേർളിയുടെയും (ഹണി) മകൻ **ജെഫിൻ ഏബ്രഹാമും** റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി ഇടവകയിൽ പുളിമൂട്ടിൽ സണ്ണിയുടെയും മോൻസിയുടെയും മകൾ **മെറി സണ്ണിയും** തമ്മിലുള്ള വിവാഹം 2019 ഓഗസ്റ്റ് 22-ാം തിയതി വ്യാഴാഴ്ച അഭി. ഐസക് മാർ ഓസ്താത്തേയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ റാന്നി സെന്റ് തോമസ് ക്നാനായ വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.



# ക്നാനായ കോൺഗ്രസ്
# കുട്ടിക്കൂട്ടം 2019



ചിങ്ങവനം മേഖല





കല്ലിശ്ശേരി മേഖല



റാന്നി മേഖല


PROJECT BY
WAKE
KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിങ്ങ്സ്

ക്നാനായ കല്യാണങ്ങൾ
നിങ്ങളുടെ വിരൽത്തുമ്പിൽ

www.knanayaweddings.com

എറണാകുളം +91 7025422022

ചിങ്ങവനം +91 9446146000

info@knanayaweddings.com | knanayaweddings@gmail.com












കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

### പെരുമാറ്റ ശൈലി

ജീവിതപങ്കാളിക്കും കൂടി ഹിതമാകുന്ന പെരുമാറ്റശൈലി ഓരോരുത്തരും സൃഷ്ടിച്ചെടുക്കണം. പങ്കാളിക്കു സുഖം പകരാത്ത പെരുമാറ്റശൈലി നമ്മിലുണ്ടെങ്കിൽ ഏതുവിധേനയും അത് മാറ്റിയെടുക്കുവാൻ ശ്രദ്ധിക്കണം. അതുപോലെ പങ്കാളിക്ക് മാറ്റിയെടുക്കുവാൻ ബുദ്ധിമുട്ടുള്ള നമുക്കു ഹിതകരമല്ലാത്ത ശൈലിയെ ഉൾക്കൊള്ളുവാൻ നമുക്കു ശ്രമിക്കുകയും ചെയ്യാം.

ഓരോ വ്യക്തിയുടെയും വ്യക്തിത്വവും പെരുമാറ്റശൈലിയുമൊക്കെ ചെറിയപ്രായത്തിൽതന്നെ രൂപപ്പെടുന്നതാണ്. ശാസ്ത്രം പറയുന്നത് മൂന്നുവയസ്സുവരെ ബുദ്ധിവികസിക്കുന്നു. ഏഴുവയസ്സുവരെ സ്വഭാവം രൂപപ്പെടുന്നു. ഒരുവന്റെ പെരുമാറ്റ ശൈലി രൂപപ്പെടുന്നത് അവൻ വളർന്ന കുടുംബാന്തരീക്ഷത്തെ അടിസ്ഥാനമാക്കിയാണ്. പങ്കാളിയുടെ പെരുമാറ്റശൈലി മാറ്റാൻ പറയുന്നത് വിഡ്ഢിത്തമാണ്. കാരണം രക്തത്തിലലിഞ്ഞുചേർന്ന ശൈലി മാറ്റുന്നത് അത്ര എളുപ്പമല്ലെന്ന വസ്തുത തിരിച്ചറിയണം. അവൻ/അവൾ വളർന്ന സാഹചര്യമാണ് അവരെ അത്തരുണത്തിലാക്കിയത്. അതിനെക്കുറിച്ച് ഒരു ബോധ്യം വേണം. വിപരീത സ്വഭാവശൈലിയുള്ള രണ്ടു വ്യക്തികൾ ഒരുമിച്ചുചേരുമ്പോൾ കുടുംബാന്തരീക്ഷം സുഖകരമാക്കുവാൻ പരസ്പരം മനസ്സിലാക്കുകയെന്ന ഒരു മാർഗ്ഗമേയുള്ളൂ. പങ്കാളിയെ ഉൾക്കൊള്ളാൻ കഴിയുന്നതാണ് കുടുംബ ജീവിതവിജയം.

**വിപരീത സ്വഭാവശൈലിയുള്ള രണ്ടു വ്യക്തികൾ ഒരുമിച്ചുചേരുമ്പോൾ കുടുംബാന്തരീക്ഷം സുഖകരമാക്കുവാൻ പരസ്പരം മനസ്സിലാക്കുകയെന്ന ഒരു മാർഗ്ഗമേയുള്ളൂ. പങ്കാളിയെ ഉൾക്കൊള്ളാൻ കഴിയുന്നതാണ് കുടുംബ ജീവിതവിജയം.**

ജോസഫിന്റെ മൊബൈൽ ഫോൺ റിംഗ് ചെയ്തപ്പോൾ ലിസിയാണെടുത്തത്. അങ്ങേ തലയ്ക്കൽ അച്ചനാണ്. ലിസി ജോസഫിനെ നീട്ടിവിളിച്ചു.

"ജോസച്ചായാ, ദേ അച്ചൻ,"

"ഹലോ" ജോസഫ് പ്രതികരിച്ചു.

"ജോസഫ്, നിങ്ങൾ ഫ്രീയാണെങ്കിൽ ഒരു ഔട്ടിംഗിനു പോയാലോ"? അച്ചൻ ചോദിച്ചു.

"അതിനെന്താ ഞങ്ങൾ ഫ്രീയാണ്. ഇന്ന് ഒഴിവു ദിവസമല്ലെ. ഫ്രീയാണ്" ജോസഫ് പറഞ്ഞു

"എങ്കിൽ ഞാൻ ഒരു പതിനൊന്നുമണിയാകുമ്പോൾ അവിടെ വരാം. എന്റെ കാറിൽ പോകാം. അല്പം ദൂരെയൊരു സ്ഥലമാണ്. കുട്ടികൾക്ക് കളിക്കുവാൻ പാർക്ക് ഉണ്ട്. ധാരാളം റൈഡുകളുണ്ട്. നമുക്കു സംസാരിച്ചിരിക്കുവാൻ സ്വകാര്യതയും ലഭിക്കും. അപ്പോൾ പതിനൊന്നുമണി". അച്ചൻ ഫോൺ വച്ചു.

വിവരമറിഞ്ഞപ്പോൾ ലിസിക്കും കുട്ടികൾക്കും വളരെ സന്തോഷമായി.

''ഇന്ന് അടുക്കളയ്ക്ക് അവധി". ലിസി പ്രഖ്യാപിച്ചു.

"വേഗം റെഡിയാക്. അച്ചൻ പറയുന്ന സമയത്ത് വരും. ക്ലീമ്മീസ് തിരുമേനിയുടെ കൃത്യനിഷ്ഠയാണ്". ജോസഫ് എല്ലാവരെയും ചൂടാക്കി.

കൃത്യം പതിനൊന്നുമണി. അച്ചന്റെ കാർ ഗേറ്റിൽ വന്ന് ഹോണടിച്ചു.

കുട്ടികൾ രണ്ടുപേരും ആദ്യം കാറിൽ കയറി. പിന്നാലെ ജോസഫും ലിസിയും. അല്പം ദൂരെയുള്ള ഒരു പാർക്കിന്റെ പ്രവേശനകവാടത്തിൽ കാർ നിർത്തി. പാർക്കു കണ്ടതും കുട്ടികൾ ഉത്സാഹഭരിതരായി. പാർക്കിനോട് ചേർന്ന് ഒരു നോൺ വെജിറ്റേറിയൻ റസ്റ്റോറന്റും. അച്ചൻ പറഞ്ഞു.

"ഉച്ചഭക്ഷണത്തിനു ഞാൻ നേരത്തെ ഓർഡർ ചെയ്തിട്ടുണ്ട്. ആദ്യം പാർക്കിൽ കയറാം. നമുക്കു പാർക്കിൽ സൗക

ര്യമുള്ളിടത്ത് ഇരുന്ന് സംസാരിക്കാം. കുട്ടികൾ കളിക്കട്ടെ".

പ്രവേശന പാസ്സെടുത്ത് എല്ലാവരും പാർക്കിൽ പ്രവേശിച്ചു. കുട്ടികൾ ഓരോ റൈഡും മാറി മാറി പരീക്ഷിച്ചുകൊണ്ടിരുന്നു. അച്ചനും ജോസഫും ലിസിയും സൗകര്യപൂർവ്വം ഒരു സ്ഥലം കണ്ടെത്തി അവിടെയിരുന്നു. അച്ചൻ മുഖവുരയില്ലാതെ പറഞ്ഞു തുടങ്ങി.

"പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവമേ, ആകാശത്തേയും ഭൂമിയേയും ഉയരത്തേയും ആഴത്തേയും സംയോജിപ്പിച്ചതായ നിന്റെ സമാധാനം ഇപ്പോൾ പരസ്പരം സമീപിച്ചിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരങ്ങളെ സംയോജിപ്പിക്കണമെ".

വി. വിവാഹകൂദാശയിലെ ഒന്നാം ക്രമത്തിന്റെ രണ്ടാമത്തെ പ്രാർത്ഥനയാണിത്. വ്യത്യസ്ഥങ്ങളായ രണ്ട് പ്രതിഭാസങ്ങളെ സംയോജിപ്പിക്കുവാൻ കഴിയുന്ന ദൈവത്തിന് എത്രമാത്രം വ്യത്യസ്തതയുള്ളവരാണെങ്കിൽപോലും മണവാളനെയും മണവാട്ടിയെയും സംയോജിപ്പിക്കുവാൻ കഴിയും. വ്യത്യസ്ഥ ധ്രുവങ്ങളിലുള്ള രണ്ടു പ്രതിഭാസങ്ങളെ സംയോജിപ്പിക്കുന്ന ദൈവം വ്യത്യസ്ത സാഹചര്യങ്ങളിൽ ജനിച്ചുവളർന്ന നിങ്ങളെ ചേർക്കുവാൻ ശക്തനാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ ജനിച്ചുവളർന്ന വ്യത്യസ്ത സ്വഭാവവിശേഷതകളുള്ള രണ്ടുപേരെയും ഒന്നാക്കിയ ദൈവം പെരുമാറ്റത്തിലെ വൈവിധ്യം ഉൾക്കൊള്ളുവാനുള്ള കൃപ നൽകിയാണ് സംയോജിപ്പിച്ചിരിക്കുന്നത്. ഇത് നിങ്ങൾ മറന്നുകൂടാ. വിവാഹം ഒരു ദൈവവിളിയാണെന്നത് സ്പഷ്ടം.

"അച്ചോ ഈ ജോസ്ച്ചായൻ എന്നെ മറ്റുള്ളവരുടെ മുൻപിൽ വച്ച് എപ്പോഴും കളിയാക്കും".

ലിസി അല്പം പരിഭവത്തോടെയാണ് പറഞ്ഞത്.

"അത് അച്ചാ അവളുടെയും എന്റെയും വീട്ടുകാരുടെ മുൻപിൽ വച്ച് മാത്രം തമാശയ്ക്ക് കളിയാക്കുന്നതാണ്".

ജോസഫ് ഒരു ചിരിയോടെ സമാധാനം പറഞ്ഞു.

'ലിസി, കുടുംബമാകുമ്പോൾ തമാശ പറയുന്നത് ആ സ്പിരിറ്റിൽ എടുത്താൽ പോരെ. ജോസഫ് ഒരു തമാശക്കാരനല്ലെ. സാരമില്ലെന്നെ. ജോസഫെ, പങ്കാളിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത തമാശ വേദനിപ്പിക്കുന്നുവെങ്കിൽ അത് ഉപേക്ഷിക്കുന്നതാണ് നല്ലത്. രണ്ടുപേരെയും സമാധാനപ്പെടുത്തിക്കൊണ്ടുള്ള മറുപടിയായിരുന്നു അച്ചന്റേത്.

ലിസിക്ക് പരാതി അവസാനിക്കുന്നില്ല. അച്ചനോട് എല്ലാം പറയാമെന്നുള്ള ഒരു സ്വാതന്ത്ര്യം ലിസിക്ക് ലഭിച്ചു. വീണ്ടും ലിസി:

"അച്ചോ ഈ ജോസ്ച്ചായൻ എന്തുപറഞ്ഞാലും വളരെ ഉറക്കെയാണ് പറയുന്നത്. അയൽക്കാർ കേൾക്കുമെന്നുള്ള ബോധമൊന്നുമില്ല. എനിക്ക് ഉറക്കെയുള്ള സംസാരം കേൾക്കുന്നതുതന്നെ അലർജിയാണ്. നമ്മുടെ വീട്ടിൽ കേട്ടാൽ പോരെ. പഞ്ചായത്ത് മുഴുവൻ അറിയിക്കണോ"?

ലിസിയുടെ പരിഭവത്തിന് ജോസഫ് മറുപടി കൊടുത്തു.

"അച്ചോ, എനിക്കങ്ങനെ പറയാനാണിഷ്ടം. ഞാൻ അങ്ങനെയാണ് ശീലിച്ചിരിക്കുന്നത്. അത് ഇനിയും മാറ്റാനൊന്നും സാധിക്കില്ല. എന്റെ അപ്പൻ കൃഷിക്കാരനാണ്. പാടത്തിന്റെ ഒരറ്റത്ത് നിന്ന് മറ്റെ അറ്റത്തേക്ക് എന്തെങ്കിലും ആവശ്യം ഉറക്കെ വിളിച്ചുപറയുമ്പോൾ ഞങ്ങളത് ചെയ്തുകൊടുക്കും ഞങ്ങളും അങ്ങനെ ശീലിച്ചു. അത് ഞങ്ങളുടെ ശീലമായിപ്പോയി. അച്ചോ ഇവളുടെ അച്ചായൻ മിലിട്ടറിക്കാരനാണ്.



പട്ടാളച്ചിട്ടയാണ് ഇവളുടെ വീട്ടിൽ. മിണ്ടാനും പറയാനും ഒന്നും പറ്റില്ല. അല്പമൊന്നു ശബ്ദം കൂടിയാൽ പിന്നെ ഉറക്കെപ്പറയുന്നുവെന്നുള്ള പരാതിയാണ്. ഉള്ളതു പറഞ്ഞാൽ ഇവളുടെ വീട്ടിൽ നിന്നാൽ ശ്വാസം മുട്ടും".

ലിസി വിട്ടുകൊടുത്തില്ല.

"അതിന് എന്റെ വീട്ടിൽ പോയാലെ ശ്വാസം മുട്ടും. എത്ര നാളായി എന്റെ വീട്ടിൽ പോയിട്ട്. അതുപോകട്ടെ ജോസ്ച്ചായൻ പറഞ്ഞത് ശരിയാ. എന്റെ അച്ചായന് എല്ലാം പട്ടാളച്ചിട്ടയാണ്. ഭയങ്കര അടുക്കും ചിട്ടയുമാണ്. പഠിക്കുന്ന കാലത്ത് ബുക്കും പുസ്തകവും അടുക്കിവച്ചിരിക്കുന്നതിന്റെ നിരതെറ്റാൻപോലും സമ്മതിക്കില്ല. യൂണിഫോം അഴിച്ചുവച്ച് വീട്ടിൽ ധരിക്കുന്ന വസ്ത്രം ധരിച്ച് കൈയ്യും കാലും കഴുകി വന്നാലെ നാലുമണിക്കത്തെ ഭക്ഷണം കൊടുക്കാവൂ എന്ന കർശനനിർദ്ദേശം അമ്മയ്ക്ക് കൊടുത്തിട്ടുണ്ട്. ഒരു കണക്കിന് അതൊക്കെ നല്ലതാണ്. എന്നാൽ ശബ്ദം താഴ്ത്തി സംസാരിക്കണമെന്നുള്ളത് നിർബന്ധമാണ്. ഞാനും ടോമിച്ചായനും ചെറുപ്പത്തിൽ വഴക്കുപിടിക്കുമ്പോൾ അമ്മ ഞങ്ങളെ രണ്ടുപേരെയും തല്ലും. തല്ലുകൊണ്ടാൽ ഉറക്കെ കരയാൻപോലും അനുവാദമില്ലായിരുന്നു. അച്ചടക്കമുള്ള കുട്ടികളുടെ ശബ്ദം പുറത്ത് കേൾക്കരുതെന്നാണ് അപ്പന്റെ നിയമം. അതിനാൽ ഉറക്കെ പറഞ്ഞുശീലമില്ല. മാത്രമല്ല, അമ്മ ഇടയ്ക്കിടെ പറയും പെൺപിള്ളേർ അടങ്ങിയൊതുങ്ങി കഴിയണം. ശബ്ദം പുറത്ത് കേൾക്കരുത് എന്നൊക്കെ. അങ്ങനെ ഉറക്കെയുള്ള സംസാരം കേൾക്കുന്നതുതന്നെ ഇങ്ങനെയുള്ള സാഹചര്യത്തിൽ വളർന്ന എനിക്കു ബുദ്ധിമുട്ടാണ്.

അച്ചൻ പറഞ്ഞു

"രണ്ടുപേരും വളർന്ന സാഹചര്യം അനുസരിച്ചുനോക്കുമ്പോൾ രണ്ടുപേരുടെയും കാഴ്ചപ്പാട് ശരിയാണ്. വ്യത്യസ്ഥ സാഹചര്യങ്ങളിൽ ജനിച്ചുവളർന്ന നിങ്ങൾ പരസ്പരം പങ്കാ

ളിയുടെ വ്യക്തിത്വത്തെയും പെരുമാറ്റശൈലിയെയും അംഗീകരിക്കണം. ഇവയൊക്കെ രൂപപ്പെട്ടത് നിങ്ങളുടെ ശൈശവ പ്രായത്തിലും പിന്നീട് നിങ്ങൾ വളർന്ന കുടുംബാന്തരീക്ഷത്തിലുമാണ്. അതിനാൽ ഒരാൾ ശരിയും മറ്റെ ആൾ തെറ്റും എന്നതല്ല; രണ്ടുപേരും അവരവരുടെ കാഴ്ചപ്പാടിൽ ശരിയാണ്. എന്നാൽ പങ്കാളിയുടെ ശരിയെ ഉൾക്കൊള്ളാൻ കഴിയണം. ഉത്തമ ഭാര്യാഭർത്താക്കന്മാരുടെ കടമയാണ് ജീവിത പങ്കാളിയുടെ പെരുമാറ്റശൈലിയെ അംഗീകരിക്കുക എന്നത്. നമ്മുടെ കണ്ണിലൂടെയല്ല പങ്കാളിയുടെ പെരുമാറ്റത്തെ കാണേണ്ടത്. അവരുടെ കണ്ണിലൂടെതന്നെയായിരിക്കണം. മാത്രമല്ല പങ്കാളിക്ക് ഇഷ്ടമില്ലാത്ത സ്വഭാവം തന്നിലുണ്ടെന്ന് തിരിച്ചറിഞ്ഞാൽ ആ സ്വഭാവം തിരുത്തുവാൻ ഒരു ശ്രമമുണ്ടാകണം (വിജയിച്ചില്ലെങ്കിൽപോലും). തനിക്കിഷ്ടമില്ലാത്ത സ്വഭാവം പങ്കാളിക്ക് ഉണ്ടായിരിക്കുകയും പങ്കാളി തിരുത്തുവാൻ ശ്രമിച്ചിട്ടും നൂറുശതമാനം വിജയിക്കാതിരിക്കുകയും ചെയ്യുന്നത്. തിരിച്ചറിഞ്ഞാൽ അനുകമ്പയോടെ അതിനെ കാണുകയും ആ പെരുമാറ്റശൈലിയെ ഉൾക്കൊള്ളാൻ തയ്യാറാകുകയും വേണം". അച്ചൻ തുടർന്നു.

"ജോസഫ് വളർന്ന സാഹചര്യം കൂടുതൽ സ്വാതന്ത്ര്യത്തിന്റെയും ലിസി വളർന്ന സാഹചര്യം അച്ചടക്കത്തിന്റെയും ആയിരുന്നു. രണ്ടും ശരിയായിരുന്നു. എന്നാൽ വ്യത്യസ്ഥ സാഹചര്യത്തിൽ വളർന്ന നിങ്ങൾ പരസ്പരം അംഗീകരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ മക്കൾ പ്രതിസന്ധിയിലാകും. ലിസി, ജോസഫിന്റെ ഉറക്കെയുള്ള സംസാരം ഉൾക്കൊള്ളാൻ ശ്രമിക്കുകയും ജോസഫ്, ലിസിക്ക് ഹിതകരമല്ലാത്ത ഈ പെരുമാറ്റ ശൈലി ഉപേക്ഷിക്കുവാൻ ശ്രമിക്കുകയും വേണം.

അച്ചന്റെ വിജ്ഞാനപ്രദമായ ഉപദേശം രണ്ടുപേർക്കും അംഗീകാരയോഗ്യമായിരുന്നു. പെരുമാറ്റശൈലിയെ പരസ്പരം ഉൾക്കൊള്ളാൻ ശ്രമിക്കാമെന്ന് തീരുമാനമെടുക്കുകയും ചെയ്തു.

ഈ അവസരത്തിലാണ് ജോസഫ് പരാതി ഉന്നയിച്ചത്.

"അച്ചോ, ഇവൾ എപ്പോഴും അയൽപക്കത്തെ ജോണിക്കുട്ടിയോട് എന്നെ താരതമ്യം ചെയ്തു സംസാരിക്കും. ജോണിക്കുട്ടിയെ കണ്ട് പഠിക്ക്. ജോണിക്കുട്ടി കുടുംബം നോക്കുന്ന രീതി കണ്ടാൽ കൊതിവരും. ഇവിടെയൊരുത്തന് യാതൊരു ഉത്തരവാദിത്തവുമില്ല എന്നൊക്കെ.

ലിസി പറഞ്ഞു.

"ശരിയാണച്ചോ. പിള്ളാരുടെ ഹോംവർക്ക് ചെയ്യുവാൻ കൂടെയിരിക്കില്ല. രാവിലത്തെ ബഹളത്തിനിടയിൽ പിള്ളാരെ ഒന്നു കുളിപ്പിക്കുവാനോ എന്തിനധികം എടുത്തുകൊടുക്കുന്ന യൂണിഫോം ധരിപ്പിക്കുവാൻപോലും തയ്യാറാകില്ല. ജോണിക്കുട്ടി വീട്ടിലെ മുഴുവൻ കാര്യങ്ങളും യാതൊരു മടിയും കൂടാതെ ചെയ്യുന്നു". ജോസഫ് പറഞ്ഞു. ജോണിക്കുട്ടിയുടെ ഭാര്യ സൗദിയിൽ നേഴ്സ് ആണ്. അപ്പോൾ അവൻ ഇതൊക്കെ ചെയ്താലല്ലെ പറ്റൂ. ജോണിക്കുട്ടിയെക്കൊണ്ട് എന്നെ താരതമ്യം ചെയ്യുന്നതിനാൽ എനിക്ക് ഇപ്പോൾ അവനെ കാണുന്നതുപോലും കലിയാണ്.

ലിസിക്കു ദേഷ്യം വന്നു

"പറയുന്നതാണോ കുറ്റം? ജോസ്ച്ചായൻ വീട്ടിൽ എന്തു പണിയാ ചെയ്യുന്നത്. പിള്ളാരുടെ കാര്യങ്ങൾ എന്തെങ്കിലും അന്വേഷിക്കാറുണ്ടോ?. പിന്നെ ഞാൻ പറയുന്നതാണോ കുഴപ്പം".

"ജോസഫെ, കുടുംബമാകുമ്പോൾ ധാരാളം ജോലികൾ കാണും ലിസിയെ ഒന്നു സഹായിക്കുന്നത് നല്ലതാണ്. രാവിലെ ധാരാളം ജോലികൾ ചെയ്തുതീർത്തെങ്കിൽ മാത്രമെ ജോസഫിനെ ഓഫീസിൽ അയക്കുവാനും കുട്ടികളെ സ്കൂളിൽ അയക്കുവാനും കഴിയൂ. അതുകൊണ്ട് രാവിലെ ഭാര്യയെ ഒരു കൈ സഹായിക്കുന്നതുകൊണ്ട് തന്റെ പുരുഷത്വത്തിന് മങ്ങൽ ഏൽക്കയില്ല" അച്ചൻ പറഞ്ഞു.

"അങ്ങനെ പറഞ്ഞുകൊടുക്കച്ചോ. ഞാൻ പറഞ്ഞാൽ ഒന്നും സമ്മതിക്കില്ല" ലിസി വിജയഭാവത്തിൽ പറഞ്ഞു.

"ലിസി, ലോകത്തൊരു ഭർത്താവും, തന്നെ മറ്റൊരാളോട് താരതമ്യം ചെയ്ത് കുറച്ചു കാണിക്കുന്നത് ഇഷ്ടപ്പെടില്ല. അതും തന്റെ ഭാര്യ. ഉപമിക്കുന്ന ആളോട് അനൽപ്പമായ വൈരാഗ്യം ഉണ്ടായേക്കാം. സാധിക്കുമെങ്കിൽ അവനിട്ട് രണ്ടു കൊടുക്കുവാൻ അവസരം കിട്ടിയാൽ അത് നഷ്ടപ്പെടുത്തുകയില്ല. എന്തിനാ ലിസി, മറ്റുള്ളവർ വെറുതെ തല്ലുകൊള്ളുന്നത്. അതുകൊണ്ട് അങ്ങനെയുള്ള താരതമ്യം വേണ്ട".

അച്ചന്റെ വാക്കുകളെ ലിസി പൂർണ്ണമായും അംഗീകരിച്ചു. ശരിയാണ് എന്നെ ഏതെങ്കിലും സ്ത്രീയോട് താരതമ്യം ചെയ്താൽ എനിക്കിഷ്ടപ്പെടില്ല. പെറ്റതള്ളയോടായാൽപോലും.

"പപ്പാ ദാഹിക്കുന്നു". അടുത്തുള്ള ജ്യൂസ് കടയിൽ നോക്കിക്കൊണ്ട് ചാക്കോച്ചൻ പറഞ്ഞു.

"ഞാൻ കുട്ടികൾക്ക് ജ്യൂസ് വാങ്ങിക്കൊടുക്കാം. നിങ്ങൾ സംസാരിക്ക്". അച്ചൻ പറഞ്ഞു. ഭാര്യാഭർത്ത്യബന്ധം കൂടുതൽ ഊഷ്മളമാകുന്നതിന് ഈ അവസരം കാരണമാകട്ടെ എന്ന ലക്ഷ്യത്തോടെ അച്ചൻ കുട്ടികളെ കൂട്ടിക്കൊണ്ട് ജ്യൂസ് കടയിലേക്ക് പോയി. അച്ചൻ മനഃപൂർവ്വം കടയിൽ കൂടുതൽ സമയം ചിലവഴിച്ചു.

"അച്ചൻ ഇല്ലായിരുന്നുവെങ്കിൽ നമ്മൾ ഇപ്പോൾ രണ്ട് വഴിക്കായിരുന്നേനെ". ജോസഫ് അല്പം സങ്കടത്തോടെ പറഞ്ഞു.

"ശരിയാ അച്ചനെ ജീവിതത്തിൽ ഒരിക്കലും മറക്കരുത്. അച്ചന്മാരായാൽ ഇങ്ങനെ വേണം. നോക്കിയേ, നമുക്കു സംസാരിക്കാൻ അവസരം നൽകികൊണ്ട് കുട്ടികൾക്ക് ജ്യൂസ് വാങ്ങിക്കൊടുക്കാൻ അച്ചൻ തന്നെ പോയത് കണ്ടില്ലെ. എന്റെ ദൈവമെ, അച്ചൻ ഇല്ലായിരുന്നെങ്കിൽ ഞങ്ങളുടെ അവസ്ഥ എന്തായിരുന്നേനെ? എനിക്കു എന്റെ മക്കളെ കാണണമെങ്കിൽപോലും കോടതിയുടെ അനുവാദം വേണ്ടിവന്നേനെ". ലിസിയുടെ ശബ്ദം ഇടറി.

ലിസി അല്പം കൂടി ജോസഫിനോട് ചേർന്നിരുന്നുകൊണ്ട് പറഞ്ഞു.

"ജോസ്ച്ചായാ, മരണം കൊണ്ടല്ലാതെ നമ്മൾ ഇനി വേർപിരിയരുത്. ഞാൻ എന്തെങ്കിലും അവിവേകം കാട്ടിയാൽ ജോസ്ച്ചായൻ പറഞ്ഞുതരണം. എന്റെ പെരുമാറ്റത്തിൽ ജോസ്ച്ചായന് ഇഷ്ടമില്ലാത്തതെന്തെങ്കിലും ഉണ്ടെങ്കിൽ പറയണം. ഞാൻ തിരുത്തുവാൻ പരിശ്രമിക്കും. ജോണിക്കുട്ടിയോട് ജോസ്ച്ചായനെ താരതമ്യം ചെയ്തത് ഇഷ്ടപ്പെട്ടില്ലെന്ന് എനിക്കറിയില്ലായിരുന്നു. അതുകൊണ്ടല്ലെ ഞാനങ്ങനെയൊക്കെ പറഞ്ഞത്. പൊറുക്കണെ".

ലിസിയുടെ കൈ തന്റെ കൈയ്യിൽ വച്ചുകൊണ്ട് അല്പം

*ശേഷം 19 –ാം പേജിൽ*



ഡോ. സുനിൽ ഡി. കുരുവിള

# ജനാധിപത്യത്തിന്റെ പുനർജന്മം

"I have learned that the harder you fall, the higher you bounce"

**അടുത്തിടെ ലഭിച്ച വാർത്ത**

പാലാരിവട്ടം പാലം തകർച്ചക്ക് കാരണം; എജിനീയർമാരുടെ ധാർമികത ഇല്ലായ്മയെന്ന് ഇ. ശ്രീധരൻ.

സമൂഹത്തിന്റെ അഭിവൃദ്ധിയെക്കുറിച്ച് ഭാവിയെക്കുറിച്ച് ആത്മാർത്ഥമായി ചിന്തിക്കുന്ന ആർക്കും നിസ്സാരമായി തള്ളിക്കളയാൻ സാധിക്കുന്നതല്ല ഇ. ശ്രീധരൻ സാറിന്റെ വാക്കുകൾ. തെറ്റിനെതിരെ ശബ്ദിക്കാൻ വിരൽ ചൂണ്ടാൻ ഒരാൾ ഉണ്ടായിരുന്നെങ്കിൽ? പാലം പണിയിലെ സിമന്റും കമ്പിയും നോക്കേണ്ടവർ വഞ്ചിവീട്ടിൽ ഇരുന്ന് കരിമീനിന്റെ മുള്ളും, ബിയറിന്റെ നുരയും എണ്ണുകയായിരുന്നു! ഒരു വിരലനക്കാൻ ഒന്നു ശബ്ദം ഉയർത്താൻ ഒരാൾ..! ഇതാണ് ഇന്നിന്റെ സാമൂഹിക ദാരിദ്ര്യം.

ഒരു വ്യക്തിയുടെ ജീവിതത്തെ നന്മയിലേക്ക് നയിക്കേണ്ടത് നാലുകൂട്ടരാണ്. മാതാ, പിതാ, ഗുരു, ദൈവം. പഠിച്ചു വലിയ പദവിയിലൊക്കെ എത്തുന്നവർ ധാർമികതയും സ്വഭാവവും ഉയർത്തിപ്പിടിക്കേണ്ടഘട്ടത്തിൽ വീണുപോയെ ങ്കിൽ സമൂഹമെന്ന നിലയിൽ നാം തോറ്റു പോയില്ലേ? കുടുംബം, വിദ്യാഭ്യാസ സംവിധാനങ്ങൾ, മതകേന്ദ്രങ്ങൾ ഒക്കെ വഴിതെറ്റിയിരിക്കുന്നുവെന്ന് സാരം. നല്ല ജീവിത മൂല്യങ്ങൾ ഇല്ലാത്ത കുടുംബങ്ങളും ഉണർവില്ലാത്ത വിദ്യാഭ്യാസവും വലിയ ബാധ്യതയാകുകയല്ലേ.

നല്ല മനുഷ്യനും നല്ല പൗരനും ഇതാവണം വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. കോച്ചിംഗ് ക്ലാസുകൾ ഒക്കെ പിന്നീട് നടത്താം. സമൂഹത്തിലെ ധാർമ്മിക ദാരിദ്ര്യത്തെ കണ്ടെത്തി മൂല്യ ച്യുതികളെ തിരിച്ചറിഞ്ഞ് ക്ലാസ് മുറികളുടെ ചെറിയ ഇടങ്ങളിൽ അതിന് പരിഹാരം കാണാൻ കഴിവുള്ള അദ്ധ്യാപകർ. അങ്ങനെയുള്ളവരെയാണ് കാലം ആവശ്യപ്പെടുന്നത്.

മനഃസാക്ഷിയെന്ന തീപ്പൊരി നിങ്ങളുടെ ഹൃദയത്തിൽ അണയാതെ സൂക്ഷിക്കാൻ ഓർമ്മിപ്പിച്ച ജോർജ്ജ് വാഷിങ്ടൺ. മനുഷ്യനെയും മനഃസാക്ഷിയേയും രൂപപ്പെടുത്താൻ മറന്നുപോയതല്ല. മറിച്ച് അങ്ങാടിയുടെ വർണ്ണപ്പൊലിമയിൽ പെട്ടുപോകുകയായിരുന്നു. അതിന് വലിയ വില ഇന്നു നല്കേണ്ടിവന്നിരിക്കുന്നു. ആരെയും വിശ്വസിക്കാൻ കഴിയാത്ത കാലം.

ഒരു ജനാധിപത്യ സമൂഹം ഫലപ്രദമായി നിലനിൽക്കേണ്ടത് നാലുതൂണുകളിലാണല്ലോ. അതിൽ രാഷ്ട്രീയത്തിനു വഴി തെറ്റാം. എന്നാൽ തിരുത്തൽ ശക്തികളാകേണ്ട ഉദ്യോഗസ്ഥരും, നീതിപീഠവും, മാധ്യമവും കുറഞ്ഞുപോയാൽ വീണുപോയാൽ, ആശ്രയിക്കാൻ പറ്റാത്തതായി മാറിയാൽ സമൂഹത്തിനു നിലനിൽപ്പുണ്ടോ? ഇവിടെയാണ് രാഷ്ട്രനിർമ്മാണ കാഴ്ചപ്പാട് ഉയരേണ്ടത്.

ഇന്നത്തെ കുട്ടികളാണ് യുവതയാണ് നാളത്തെ രാഷ്ട്രം. കുട്ടികളിലെ പൗരബോധവും രാഷ്ട്രീയ ബോധവും ഉണർത്തി ഉയർത്തി ഒരുക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെടേണ്ടതുണ്ട്. തന്റെ ലക്ഷ്യത്തോടൊപ്പം സമൂഹവും ചേർന്നു നിൽക്കുന്ന ഒരു പാകപ്പെടൽ അവരിൽ സൃഷ്ടിച്ചേ മതിയാകു. വിശ്വസിക്കാനും ആശ്രയിക്കാനും കഴിയുന്ന വ്യക്തിത്വങ്ങൾ... ആവശ്യഘട്ടത്തിൽ നേതൃത്വം ഏറ്റെടുക്കാൻ കഴിയുന്ന കരുത്ത്... കുട്ടികളിൽ ലക്ഷ്യം വെക്കേണ്ടതുണ്ട്.

ആത്മീയ കേന്ദ്രങ്ങളും മതകേന്ദ്രങ്ങളും ഒക്കെ തങ്ങളുടെ പ്രവർത്തനങ്ങൾ ഒരു പുനരവലോകനത്തിനു വിധേയമാക്കണം. കൂദാശകൾക്കും, ആചാരങ്ങൾക്കുമപ്പുറത്ത് മാനവശേഷി ശാക്തീ കരണവും രൂപാന്തരവും ലക്ഷ്യം വേക്കേണ്ടതുണ്ട്. നല്ല സമൂഹവും നല്ല രാജ്യവും ഉള്ളടത്തേ എന്തിനും നിലനിൽപ്പുള്ളു. എല്ലാം വ്യക്തികളുടെ നന്മയിൽനിന്നും കാഴ്ചപ്പാടിൽ നിന്നുമാണ് ആരംഭിക്കുന്നതെന്നും ഓർക്കണം. സമൃദ്ധിയായ ജീവിതം പണമല്ല എന്നും സാമൂഹിക സംഭാവനയാണെന്നും, സ്വഭാവത്തിന്റെ തിളക്കമാണെന്നും



ജീവിതംകൊണ്ട് കാട്ടിക്കൊടുക്കുവാൻ മാതൃകയുള്ള നേതൃത്വമാണ് ഇന്ന് അനിവാര്യം.

വിൽക്കാനും വില പേശാനും തയ്യാറാകാതെ എന്തെങ്കിലുമൊക്കെ നാം കാത്തുസൂക്ഷിക്കുന്നെങ്കിൽ അതാണ് ഒരുവന്റെ മൂല്യം. ഉപദേശത്തെ ക്കാളേറെ ജീവിതം കൊണ്ടാണ് മൂല്യബോധം കാട്ടികൊടുക്കേണ്ടത്.

സമൂഹത്തോട് മാത്രമല്ല അവനവനോട് തന്നെ യുള്ള ധാർമ്മികത നഷ്ടപ്പെട്ടില്ലേ? നല്ല ഭാവിയും സാധ്യതകളുമുള്ള എത്ര പേരാണ് താൽക്കാലിക ലാഭത്തിനും സുഖത്തിനുംവേണ്ടി ജീവിതത്തിന്റെ സമൃദ്ധി നഷ്ടപ്പെടുത്തുന്നത്.

*'ഓരോരുത്തരിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന ചില നന്മകളൊക്കെയുണ്ട്. അതു നൽകാൻ നിന്റെ ജീവിതം പരാജയപ്പെട്ടാൽ പിന്നെ ആരുടേയും ഓർമ്മകളിൽ നിനക്കിടമില്ല. ആരും കരയാനില്ലാത്ത ഒരു ലാസറിനെ ഉയർപ്പിക്കാൻ അവൻപോലും വരുമെന്ന് തോന്നുന്നില്ല'– ബോബിയച്ചൻ.*

ചെന്നൈ ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസ് സ്ഥാനത്തുനിന്ന് രാജിവച്ച തഹിൽ രമണിയും സിവിൽ സർവ്വീസിൽ നിന്ന് രാജിവെച്ച മലയാളിയായ കണ്ണൻ ഗോപിനാഥനും കർണാടക കേഡറിലെ ശശികാന്ത് സെന്തിലും ഒക്കെ സ്വന്തം നേട്ടങ്ങളെക്കാൾ വലുതാണ് സാമൂഹിക നിലപാടുകളും ധാർമ്മികതയും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന വേറിട്ട മാതൃകകളാകുന്നു.

*"ഉടയാടകളല്ല നിലപാടുകളാണ് നേതൃത്വം".*

തെറ്റു ചെയ്യുന്ന അഴിമതി കാണിക്കുന്ന ഒരു ചെറിയ കൂട്ടം എന്നുമുണ്ടായിരുന്നു. എന്നാൽ അതിനോട് നിശ്ശബ്ദതകൊണ്ടും സൗകര്യപൂർവ്വവും സന്ധി ചെയ്യുന്ന ഒരു ഭൂരിപക്ഷം ആപത്താണ്. ഇവിടെയാണ് സാമൂഹിക മൂല്യങ്ങളും, വിദ്യാഭ്യാസ സംവിധാനങ്ങളും പ്രതിരോധം സൃഷ്ടിക്കേണ്ടത്.

ഈ കാലഘട്ടത്തിലും നിലപാടുകളും മൂല്യങ്ങളും പ്രവർത്തനരംഗത്തും പൊതു ജീവിതത്തിലും നമുക്ക് മുൻപിൽ കാട്ടിതന്ന അബ്ദുൾ കലാമിനെയും, ഇ. ശ്രീധരനെയും ഒക്കെ കണ്ടല്ലേ കുട്ടികൾ പഠിക്കേണ്ടത്. എന്തുകൊണ്ട് ഇവരെയൊന്നും പാഠപുസ്തകത്തിൽ ചേർക്കുന്നില്ല? സമൂഹത്തിൽ ജീവിത മൂല്യങ്ങൾ കൊണ്ട് ഉയർന്നു നിൽക്കുന്നവരെ ആദരിക്കാം. കലാലയവേദികളൊക്കെ അവർക്കായി വഴിമാറട്ടെ.

നമ്മൾ ഓരോരുത്തരുമല്ലേ മരടിലെ കയ്യേറ്റം? നാം തന്നെയല്ലേ ഇടിഞ്ഞുപൊളിഞ്ഞ പാലാരിവട്ടം പാലം. നാം ഓരോ തവണ മറ്റുള്ളവരിലേക്ക് ഒരു വിരൽ ചൂണ്ടുമ്പോൾ മറ്റുവിരലുകൾ നമുക്ക് നേരെയല്ലേ ഉയർന്നു വരുന്നത്? അതെ മാറ്റത്തിന്റെ തുടക്കം തുടങ്ങേണ്ടത് നമ്മളിൽ നിന്നുതന്നെയാണ്. അതിപ്പോളല്ലെങ്കിൽ ഇനിയൊരു അവസരം വരണമെന്നില്ല.

*"ഒറ്റയ്ക്കോടിയാൽ ആരും ജയിക്കില്ല" – ഗാന്ധിജി*

ജനാധിപത്യത്തിന്റെ വിജയം പൗരൻ ശക്തനാവുമ്പോളാണ്. ശക്തമായ പങ്കാളിത്തവും, ഇടപെടലും ചെറുത്തുനില്പും, വിയോജിപ്പും ഒക്കെ നടത്താനവൻ പ്രാപ്തനാവുമ്പോളാണ്. സ്നേഹവും, സേവനവും, ദർശനവുമുള്ള നേതൃഭാവം ജനങ്ങളിൽ രൂപപ്പെടുമ്പോളാണ്

*"We have been conditioned to think that only politicians can solve our problems. But at some point, may be we will wake-up and recoganize that it was the politicians who created our problems." Ben carson.*

ജനാധിപത്യം നന്നാവണമെങ്കിൽ രാഷ്ട്രീയം നന്നാവണം. അതിനു ജനക്കൂട്ടമല്ല പൗരശക്തിയാണുയരേണ്ടത്.

ജനാധിപത്യത്തിന്റെ അഞ്ചാമത്തെ തൂണായി, കാവലാളായി പൊതുജനം മാറണം. സ്ഥാനമാനങ്ങളും ഇല്ലാതെ തന്നെ രാജ്യസാമൂഹിക വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കരുത്തുള്ള ഒരു ജനനിര. ഒരു വികസിത ഇന്ത്യയെന്ന സ്വപ്നത്തിലേക്ക് നമുക്ക് യാത്ര ചെയ്യാൻ ഇത്തരമൊരു രൂപാന്തരം ജനങ്ങളിൽ സംഭവിച്ചേ മതിയാകു. ജാഗ്രതയോടുകൂടി, നല്ല കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കാൻ കഴിയുന്ന ഈ അഞ്ചാമത്തെ സ്തംഭത്തിലാണ് രാജ്യത്തിന്റെ ഭാവി. മറ്റു തൂണുകളൊക്കെ വിലയ്ക്കെടുക്കപ്പെടുമ്പോൾ ശക്തമായും അതിശക്തമായും തൂണുകൾ ഉയർത്തി രാജ്യത്തെ രക്ഷിക്കാൻ പൊതുജനത്തിനു കഴിയട്ടെ– അതാണു ജനാധിപത്യത്തിന്റെ പുത്തൻ സ്വപ്നം! പ്രതീക്ഷ.!

+91 9656144712, +91 9847400712

E-mail: sunilkuruvilla@rediffil.com, www.insightmission.org)

●

# മാതൃകാ കുടുംബജീവിതം

17–ാം പേജ് തുടർച്ച

പ്രേമത്തോടെ അവളുടെ കണ്ണിൽ നോക്കിക്കൊണ്ട് ജോസഫ് പറഞ്ഞു.

"ഒരു അബദ്ധം പറ്റി. നിന്നെ ഞാൻ മേലിൽ വാക്കുകൊണ്ടോ നോട്ടം കൊണ്ടോ പ്രവർത്തികൊണ്ടോ നോവിക്കയില്ല. ഇനിയും എന്നും നീ എന്റേത് മാത്രമായിരിക്കും. ഈ കണ്ണുകളിൽ ഞാൻ എന്നെത്തന്നെ കാണും. എന്നെയും മക്കളെയും സ്നേഹിക്കുന്ന എന്റെ പൊന്നിനെ ഞാൻ എന്നും എന്റെ നെഞ്ചോട് ചേർത്തുവയ്ക്കും.

ഒരു സ്വർഗ്ഗീയാനുഭൂതിയിൽ രണ്ടുപേരും ചേർന്നിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല. കുട്ടികളുടെ കലപില ശബ്ദം കേട്ട് നോക്കിയപ്പോൾ അച്ചൻ അടുത്തെത്തിയിരിക്കുന്നു. ലിസി പെട്ടെന്ന് കൈവലിച്ചു അച്ചൻ ഒരു പുഞ്ചിരിയോടെ എതിർവശത്തെ ബഞ്ചിലിരുന്നു. കുട്ടികൾ വീണ്ടും കളിക്കാൻ പോയി.

(തുടരും)

# "മാതൃകയാക്കാം ഈ മകനെ"

10–ാം പേജ് തുടർച്ച

യായി ജീവിക്കുന്ന അച്ഛന്റെയും, കൂലിവേലക്കാരിയായ ഒരു അമ്മയുടെയും മകൻ എൻജിനിയറിംഗ് ബിരുദം വിജയകരമായി ഇന്നു പൂർത്തീകരിക്കുന്നു. താൻ ആരാണെന്ന യഥാർത്ഥതിരിച്ചറിവോടെ ഇല്ലാത്തതിനെ മറ്റുള്ളവർക്കുമുന്നിൽ പെരുപ്പിച്ചു കാണിക്കുകയും, ഉള്ളതിനെ മൂടി വയ്ക്കുകയും ചെയ്ത് മാതാപിതാക്കന്മാരുടെ സ്വപ്നങ്ങളിൽമേൽ കരിനിഴൽ വീഴ്ത്തുന്ന മക്കൾ ഇവനെ മാതൃകയാക്കണം. മക്കൾ അവർ ആരുതന്നെയായാലും ഞാൻ ആരാണെന്നും, എന്റെ ജീവിത ലക്ഷ്യം എന്താണെന്നുമുള്ള നല്ല തിരിച്ചറിവോടെ കുടുംബത്തിനും, സഭയ്ക്കും. സമൂഹത്തിനും കൊള്ളാവുന്നവരായി വളർന്നുവന്ന് നല്ല സാക്ഷ്യമുള്ളവരായിത്തീരാൻ ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ പഠിക്കുന്ന എല്ലാ മക്കൾക്കുംവേണ്ടി ഈ ലേഖനം സമർപ്പിക്കുന്നു.

●

# യേശുനാമം

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

**ആമുഖം**

യേശു എന്ന നാമത്തിന്റെ അത്ഭുതശക്തി വെളിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടിമിന്നൽ പോലെ ദൈവശക്തിയെ ഭൂമിയിലേക്ക് വിളിച്ചിറക്കുന്ന നാമമാണ് യേശുനാമം. യേശു എന്ന പേര് തെരഞ്ഞെടുത്തത് ദൈവമാതാവോ യൗസേഫ്പിതാവോ അവരുടെ ചാർച്ചക്കാരിൽ ആരെങ്കിലുമോ ആയിരുന്നില്ല. പിന്നെയോ പിതാവായ ദൈവം തന്നെയാണ്, യേശുനാഥൻ മാതാവിന്റെ ഉദരത്തിൽ ജന്മമെടുക്കുന്നതിന് മുമ്പു തന്നെ "യേശു എന്നു പേരിടണം" എന്നു പിതാവാം ദൈവം തീരുമാനിച്ചു. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം" (ലൂക്കോസ്1:31).

രാജാക്കന്മാരും ചക്രവർത്തികളും ഭരണകൂടങ്ങളും പല പ്രസ്ഥാനങ്ങളും ഏകാധിപതികളും സൈനികശക്തികളും ഈ നാമത്തെ തുടച്ചുമാറ്റാൻ ഒറ്റക്കെട്ടായി പരിശോധിച്ചിട്ടുണ്ട്. എന്നാൽ അവരെല്ലാം തകർന്ന് നാമാവശേഷമായി. യേശു എന്ന നാമം ജനകോടികളെ ആവേശം കൊള്ളിച്ച് ഇന്നും ഉയർന്നു നിൽക്കുന്നു.



**യേശുനാമത്തിന്റെ സവിശേഷതകൾ**

**1. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം -യേശുനാമം**

ഭൂമിയിലും, സ്വർഗ്ഗത്തിലുമുള്ള എല്ലാ നാമത്തിനും ഉപരിയാണ് യേശുനാമം. അതായത് യേശു എന്ന നാമത്തിനു മുകളിൽ അധികാരമുള്ള വേറൊരു നാമം സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും ഇല്ല എന്നർത്ഥം. തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു" (ഫിലി.2:9).

എന്തെന്നാൽ പിതാവാം ദൈവത്തിന്റെ ഇഷ്ടനാമമായ 'യേശു' എന്ന നാമത്തിന്റെ മുമ്പിൽ ഈ സൃഷ്ട പ്രപഞ്ചത്തിലുള്ള സകലരും മുട്ടുകൾ മടക്കണമെന്ന് ദൈവപിതാവ് ആഗ്രഹിക്കുന്നു.

**2. പിശാചുക്കൾ ഞെട്ടിവിറയ്ക്കുന്ന നാമം -യേശുനാമം**

യേശു തന്റെ ശിഷ്യന്മാരെ ഈരണ്ടുപേരായി താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും അയച്ചു. അവർപോയി യേശു പറഞ്ഞതുപോലെ ചെയ്തു; പ്രസംഗിച്ചു,പ്രാർത്ഥിച്ചു, ജനത്തെ ഒരുക്കി. അവരുടെ ശുശ്രൂഷസമയത്ത് യേശുനാമത്തിലൂടെ നടന്ന അത്ഭുതകാര്യങ്ങൾ അവർ തിരിച്ചുവന്ന് യേശുവിനെ അറിയിച്ചു.

"എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു: കർത്താവേ, നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു" (ലൂക്കോസ് 10:17). അപ്പോൾ യേശു അവരോട് പറഞ്ഞു "സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു" (ലൂക്കോ. 10:18).

നമ്മൾ യേശുനാമത്തിൽ പ്രാർത്ഥിക്കുമ്പോൾ വചനം പ്രസംഗിക്കുമ്പോൾ സാത്താൻ ഇടിമിന്നൽപോലെ നിലംപതിക്കുന്നു. നമ്മുടെ കുടുംബത്തിൽ നിന്ന്, ഇടവകയിൽ നിന്ന്, കൂട്ടായ്മയിൽ നിന്ന്, സ്ഥാപനത്തിൽ നിന്ന്, ദേശത്തുനിന്ന് സാത്താൻ ഇടിമിന്നൽപോലെ വീണുതകരാൻ 'യേശു' എന്ന നാമം ശക്തിയായി ഉപയോഗിക്കുക. യേശുവിന്റെ നാമം ഏറ്റുപറയുക. യേശുനാമത്തെ സ്തുതിക്കുന്ന പാട്ടുകൾ പാടി പ്രാർത്ഥിക്കുക.

യേശുനാമത്തിൽ പിശാചു ബഹിഷ്കരിക്കപ്പെടുന്ന ബൈബിൾ ഭാഗങ്ങൾ ലൂക്കോസ് 9:49-50. അപ്പോ. 16:18, മർക്കോസ് 1:21-27, അപ്പോ. 8:4-8, എന്നീ ഭാഗങ്ങളിലൂടെ തിരുവചനം നമുക്ക് തെളിവു നൽകുന്നു യേശുനാമത്തിന്റെ ശക്തിയാൽ പിശാചുക്കൾ പുറത്താക്കപ്പെടുന്നു എന്ന്.

**3. രോഗശാന്തി നൽകുന്ന നാമം - യേശുനാമം**

പത്രോസും യോഹന്നാനും പ്രാർത്ഥിക്കുവാനായി ദൈവാലയത്തിലേക്ക് പോകുമ്പോൾ സുന്ദരകവാടത്തിൽവെച്ച് ജന്മനാ മുടന്തനായ ഒരുവൻ ഭിക്ഷയാചിച്ചു. പത്രോസ് അവനെ സൂക്ഷിച്ചുനോക്കി. ഉടനെതന്നെ പത്രോസ് ധൈര്യപൂർവ്വം പറഞ്ഞു "വെള്ളിയോ, സ്വർണ്ണമോ എന്റെ കൈയ്യിലില്ല, എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക" (അപ്പോ.3:6).

അവിടെ കൂടിവന്ന ജനപ്രമാണിമാർ അപ്പോസ്തോല

ന്മാരെ ചോദ്യം ചെയ്തു. നിങ്ങൾ എന്തധികാരത്താലാണ് അഥവാ ആരുടെ നാമത്തിലാണ് ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു "നിങ്ങളും ഇസ്രായേൽ ജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ ക്രൂരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽ നിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത് (അപ്പോ. 4:7-10).

വി.വചനത്തിൽ മറ്റ് അനേകം ഭാഗങ്ങളിൽ യേശുനാമത്തിന്റെ ശക്തിയാൽ രോഗസൗഖ്യവും മറ്റ് അത്ഭുതങ്ങളും നടന്നത് പ്രതിപാദിച്ചിരിക്കുന്നു. ആദിമസഭാസമൂഹം ഒരുമിച്ചുകൂടിയിരുന്നപ്പോഴെല്ലാം യേശുവിന്റെ നാമത്തിൽ വൻകാര്യങ്ങൾ സംഭവിക്കുന്നതിനുവേണ്ടി അവർ പ്രാർത്ഥിക്കുമായിരുന്നു (അപ്പോ.4:30-31). പ്രിയമുള്ളവരെ, യേശുവിന്റെ നാമത്തിലുള്ള ബോധ്യവും വിശ്വാസവും നമ്മിൽ വളരട്ടെ. നമ്മൾ രോഗത്താൽ ഭാരപ്പെടുമ്പോൾ യേശുനാമം വിശ്വാസത്തോടെ നമുക്ക് വിളിച്ചപേക്ഷിക്കാം.

**4. രക്ഷയ്ക്കുള്ള ഏകനാമം -യേശുനാമം**

ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. മനുഷ്യരക്ഷയ്ക്കായുള്ള ഏകനാമമാണ് യേശുനാമം. മറ്റാരിലും രക്ഷയില്ല. നാം വിശ്വാസത്തോടെ വിളിച്ചപേക്ഷിച്ച് രക്ഷ പ്രാപിക്കാൻ സ്വർഗ്ഗം നമുക്കു നൽകിയിട്ടുള്ള രക്ഷാനാമമാണ് യേശുനാമം. തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "ആകാശത്തിനുകീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (അപ്പോ. 4:12). "അവന്റെ നാമത്തിൽ വിജാതിയർ പ്രത്യാശവയ്ക്കും" (മത്തായി 12:21). "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും" (യോവേൽ 2:32). അപ്പോ. 16:31, യോഹ. 3:36, 1 പത്രോസ് 3:15 എന്നീ തിരുവചനഭാഗങ്ങളിലും മനുഷ്യർ രക്ഷപ്രാപിക്കുന്നതിലുള്ള അടിസ്ഥാനം യേശുക്രിസ്തുവിലുള്ള വിശ്വാസമാണെന്ന് കാണുന്നു.

**5. സകലത്തിന്റെമേലും അധികാരമുള്ള നാമം -യേശുനാമം**

പുനരുത്ഥാനത്തിന് ശേഷം താൻ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിന് തൊട്ടുമുമ്പ് യേശുനാഥൻ തന്റെ ശിഷ്യന്മാരോട് വെളിപ്പെടുത്തി "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്തായി 28:18).

തിരുവചനം പഠിപ്പിക്കുന്നു. "ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ് (ഫിലി. 2:10-11).

അപ്പോസ്തോല പ്രവൃത്തികളിൽ നമ്മൾ കാണുന്നു "ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവായി ദൈവം നിയോഗിച്ചിരിക്കുന്നവൻ അവനാണ് എന്ന് ജനങ്ങളോട് പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും ഞങ്ങൾക്ക് കല്പന നൽകി" (അപ്പോ.10:42).

തിരുവചനത്തിലൂടെ നമുക്ക് മനസ്സിലാക്കി. ഈ പ്രപഞ്ചത്തിലെ സകല സൃഷ്ടവസ്തുക്കളുടെമേലും യേശുനാമത്തിന് അധികാരമുണ്ട്. ജീവിച്ചിരിക്കുന്നവരുടെമേലും മരിച്ചവരുടെമേലും യേശുവിന് അധികാരമുണ്ട്.

**6. പരിശുദ്ധാത്മാവിനെ നൽകുന്ന നാമം -യേശുനാമം**

യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ, യേശുനാമത്തെക്കുറിച്ച് കേട്ടുകൊണ്ടിരിക്കുമ്പോൾ, യേശുനാമം പ്രഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഒക്കെ പരിശുദ്ധാത്മാവ് വ്യക്തികളുടെമേൽ വന്നു നിറയുന്നു. അപ്പോ. പ്രവൃ. 10:44-46 ലും യോഹ.14:26 ലും നമ്മൾ തിരുവചനത്തിൽ അത് കാണുന്നു.

**7. അനുഗ്രഹം വാഗ്ദാനം ചെയ്യപ്പെട്ട നാമം -യേശുനാമം**

നാം ഒരു പ്രവൃത്തി ചെയ്യുമ്പോൾ അത് അനുഗ്രഹപ്രദമായി മാറണമെങ്കിൽ അത് യേശുനാമത്തിൽ ചെയ്യണം. തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ ക്രിസ്തുവിലുള്ളവരാകയാൽ അവന്റെ നാമത്തിൽ ആരെങ്കിലും നിങ്ങൾക്ക് ഒരുപാത്രം വെള്ളം കുടിക്കാൻ തന്നാൽ അവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല" (മർക്കോ.9:41). വീണ്ടും തിരുവചനം പഠിപ്പിക്കുന്നു. "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ" (കൊലോ.3:17).

യേശുനാമത്തിൽ ചെയ്ത പ്രവൃത്തികൾ വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും പണിതതിനു തുല്യമാണ്. മറ്റുപ്രവൃത്തികൾ പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും പണിതതിനു തുല്യം. അതിനാലാണ് ശ്ലീഹാ പഠിപ്പിക്കുന്നത്. നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ അത് യേശുനാമത്തിൽ പറയണം. ഒരു പ്രവൃത്തി ചെയ്താൽ അത് യേശുനാമത്തിൽ ചെയ്യണം എന്ന്.

**8. സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന നാമം -യേശുനാമം**

നാം പ്രാർത്ഥിക്കുമ്പോൾ യേശുനാമത്തിൽ പ്രാർത്ഥിക്കണം. തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും" (യോഹ.16:23).

"നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും" (യോഹ.14:13).

യേശുവിനോട് പ്രാർത്ഥിക്കുമ്പോഴും യേശുനാമത്തിൽ പ്രാർത്ഥിക്കാൻ കർത്താവ് നമ്മെ പഠിപ്പിക്കുന്നു. "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ.14:14).

**ഉപസംഹാരം**

പ്രിയമുള്ളവരെ ഈ ലേഖനത്തിലൂടെ യേശുനാമത്തിന്റെ സവിശേഷതകളും യേശുനാമം വിളിച്ചപേക്ഷിക്കുമ്പോൾ സംഭവിക്കുന്ന അത്ഭുതകാര്യങ്ങളും നമ്മൾ കണ്ടുകഴിഞ്ഞു. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ നമ്മുടെ സുറിയാനിസഭയുടെ ദയറാകളിൽ ഇപ്പോഴും സന്ന്യസ്ത വൈദികർ എപ്പോഴും ഉപയോഗിക്കുന്ന പ്രാർത്ഥനയാണ് 'യേശുനാമപ്രാർത്ഥന' അവർ എപ്പോഴും 'യേശുനാമം' നാവിൽ ഉരുവിട്ടുകൊണ്ടിരിക്കും. എല്ലാ വിശ്വാസികളും എപ്പോഴും 'യേശുനാമം' നാവിൽ ഉരുവിടുവാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നു. വിശ്വാസികളായ നമുക്കെല്ലാവർക്കും എപ്പോഴും പ്രാർത്ഥിക്കാം. 'പ്രഭോ, യേശുനാഥാ, അടിയനിൽ കരുണ തോന്നണമേ".




# ദൈവം നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക

(1. പത്രോ. 5:7)

ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ, മുളമൂട്ടിൽ

എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവം എന്നാണ് 59-ാം സങ്കീർത്തനത്തിൽ ദൈവത്തെ വർണ്ണിക്കുന്നത്. ഈ ലോകത്തിൽ യാതൊരുത്തർക്കും ദൈവത്തിൽ നിന്നു ലഭിക്കുന്ന തല്ലാതെ ഒന്നും തന്നെ ഇല്ല. ഓരോരുത്തർക്കും ആവശ്യമുള്ളതെന്തെല്ലാം എന്നു സദാ കരുതുന്നത് സ്വർഗ്ഗസ്ഥനായ പിതാവായ ദൈവം മാത്രമാണ്. പക്ഷേ നാം സാധാരണ ഈ യാഥാർത്ഥ്യം ഓർത്തല്ല ജീവിക്കുന്നത്. ഓർക്കുന്നുണ്ടെങ്കിൽ വ്യാകുല ചിന്തകൾ നമ്മെ വ്യാകുലപ്പെടു ത്തുകയില്ലല്ലോ. ഓരോ ശ്വാസംപോലും ഓരോ മനുഷ്യവ്യക്തിക്കും ഓരോ ജീവിക്കും നൽകുന്നത് ദൈവം മാത്രമാകുന്നു. മനുഷ്യന് അത്യാവശ്യമുള്ളത് വായുവും വെള്ളവും ആണ്. അത് നമ്മൾ അദ്ധ്വാനിച്ചിട്ട് ഉണ്ടാകുന്നതല്ല ദൈവം തരുന്നതാണെങ്കിൽ എല്ലാം ദൈവം കരുതിക്കൊള്ളും. മത്താ. 6:31 ൽ എന്തു തിന്നും, എന്തു ഉടുക്കും, എന്ത് കുടിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കരുത് എന്ന് ദൈവം കല്പിക്കുന്നു. ജീവനുള്ളതൊക്കെയും ദൈവത്തെ നോക്കി വിളിക്കുന്നു. തൃക്കൈകൾ തുറക്കുമ്പോൾ അവയ്ക്ക് നന്മകൊണ്ട് തൃപ്തി വരുന്നു. (സങ്കീ. 104:21-28). അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് നമ്മോട് കരുണ തോന്നുന്നു. (സങ്കീ.103:13). ദൈവകരുതലിന്റെ പാരമ്യം ഗ്രഹിപ്പാൻ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരുന്നു എന്ന് മത്താ. 10:30-ൽ പറഞ്ഞിരിക്കുന്നു. ഏതു ദേശക്കാരനും, ഏതു ജാതിക്കാരനും, ഏതു മതക്കാരനും ദൈവത്തിന്റെ ദിവ്യ ദൃഷ്ടിയിലും പരിപാലനത്തിലുമാണ് സർവ്വദാ വസിക്കുന്നത് എന്നത് അനിഷേധ്യമായ ഒരു സത്യം മാത്രമാണ്.

## ഏതെല്ലാം വിധത്തിൽ കരുതുന്നു

1) നമ്മുടെ സർവ്വവിധ പ്രയാസങ്ങളിലും ദൈവം നമുക്കായി കരുതുന്നു. (സങ്കീ. 77:9). സഹിപ്പാൻ കഴിയാത്ത അനുഭവങ്ങളിൽ ദൈവം കൃപ കാണിപ്പാൻ മറന്നിരിക്കുന്നുവോ എന്ന് പറഞ്ഞ് നാം ഞരങ്ങാറില്ലേ. യശ. 49:15-16-ൽ അതിന് ഉത്തരം കാണാം. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ. അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. അമ്മമാരുടെ ഉദരങ്ങളിൽ നമ്മെ ഓരോരുത്തരേയും തൃക്കരത്താൽ മെനഞ്ഞ ദൈവം പിതൃസഹജമായ സ്നേഹവായ്പോടും ദിവ്യമായ മുൻ കരുതലോടും കൂടി നമ്മെ നടത്തുന്നവനാണ്. ഉദാഹരണമായി ജീവിത കാലം മുഴുവൻ തികഞ്ഞ വിശ്വാസിയാ യിരുന്ന ഒരു സ്ത്രീക്ക് അവളുടെ ഉദ്യോഗത്തിൽ നിന്നും വിരമിക്കേണ്ട ഘട്ടമായപ്പോൾ ഇനിയും എങ്ങനെ ഉപജീവന മാർഗ്ഗം ഉണ്ടാകും എന്ന ആകുല ചിന്ത ജനിക്കുകയും വളരെ മന:ക്ലേശം ഉണ്ടാകുകയും ചെയ്തു. പക്ഷേ അവൾ ജോലിയിൽനിന്നും പിരിയുന്നതിനു തൊട്ടു മുമ്പുതന്നെ ആ സ്ഥാപനത്തിൽ പെൻഷൻ ഏർപ്പെടുത്തുകയും ആദ്യമായി ആ സ്ത്രീക്ക് തന്നെ ആ തുക ലഭിക്കുകയും ചെയ്ത സംഭവമുണ്ട്. ദൈവ കരുതലിന്റെ അനേക അനുഭവങ്ങൾ എനിക്ക് സ്വന്തജീവിതത്തിൽ നിന്നും സാക്ഷ്യപ്പെടുത്തുവാനുണ്ട്. ഈ ദൈവം എത്ര നല്ലവനാണ്.

ഇൻഡ്യൻ നേവിയിൽ നിന്ന് റിട്ടയർ ചെയ്യുമ്പോൾ കയ്യിൽ യാതൊരു പണവും ഇല്ലാതെ പെൻഷൻ മാത്രം ലഭിക്കുന്ന ഒരു ഓഫീസറെ എനിക്കറിയാം. ധാരാളം പണം കൈക്കൂലിവാങ്ങി അനേകരെ ജോലിക്കു പ്രവേശിപ്പിക്കാമായിരുന്നിട്ടും സത്യസന്ധമായി ജോലി ചെയ്തു വിരമിച്ചു. നാലു പെൺമക്കളെ വിവാഹം ചെയ്തു പറഞ്ഞയക്കണം. പണം ഇല്ലാതെ ഭാരപ്പെട്ട അദ്ദേഹത്തെ ബന്ധുക്കൾ ശകാരിക്കയും കുറ്റപ്പെടുത്തുകയും ചെയ്തു. അതിനു മറുപടി ആയി "തന്റെ പ്രിയനോ ഉറക്കത്തിൽ കൊടുക്കുന്നു" എന്ന വേദവാക്യം മറുപടിയായി നൽകി സമാശ്വസിക്കും. പെൻഷനായി 6 മാസം കഴിയുന്നതിനു മുൻപ് ഉച്ചയ്ക്ക് ഉറങ്ങി കിടക്കുമ്പോൾ ഒരാൾ വന്നു തട്ടി ഉണർത്തി യു.എ.ഇ. ലേക്കുള്ള വീസ കൊണ്ടുകൊടുക്കുകയും ജോലിയിൽ പ്രവേശിക്കുകയും മക്കളെ നല്ല നിലയിൽ വിവാഹം കഴിച്ചയക്കുവാനും ധാരാളം സമ്പാദിക്കുവാനും സാധിക്കുകയും ചെയ്തു. ഇങ്ങനെ സ്ഥാനചലനങ്ങൾ നൽകിപോലും നമ്മുടെ നന്മക്കായി മുൻ കരുതുന്ന കാരുണ്യവാനാണ് നമ്മുടെ ദൈവം.

ഇയ്യോബിന്റെ അസഹനീയമായ കഷ്ടനഷ്ട ങ്ങൾ അദ്ദേഹത്തെ കൂടുതൽ ധന്യനാക്കിത്തീർക്കുകയായിരുന്നു. ജോസഫിന്റെ സഹോദരന്മാരുടെ വിദ്വേഷവും തുടർന്നുണ്ടായ പൊട്ടക്കിണറിന്റെ അനുഭവവും പൊത്തിഫേറിന്റെ ഭവനത്തി ലുണ്ടായ ദുരിതാനുഭവങ്ങളും ജയിൽവാസവും എല്ലാം വരുവാനുള്ള വലിയ ക്ഷാമത്തിൽ നിന്നും ഇസ്രായേലിനെപ്പോറ്റി പുലർത്താനുള്ള ദൈവ കരുതലുകളായിരുന്നു. നമുക്ക് അസഹനീയങ്ങളായ ജീവിത ചലനങ്ങൾ ഉണ്ടാകുമ്പോൾ നാം ദു:ഖിക്കേണ്ട. നമ്മെ താങ്ങുന്ന ദൈവം മാറാത്ത വനാണ്. ഇന്നലെയും ഇന്നും എന്നും അനന്യൻ തന്നെ. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല എന്നുള്ള ഉറപ്പേറിയ വാഗ്ദാനം തന്ന ദൈവം നമുക്കായി എന്നും കരുതുന്നവനാണ്.

2) **നമ്മുടെ ആപത്തുവേളകളിൽ നമുക്കായി കരുതുന്നു.**

ആകുലവേളകളിൽ ആപത്തുനാളുകളിൽ ആഗതനായി അരികിൽ ആശ്വസിപ്പിച്ചീടുമേ.

Capt. E.G. Carre അറ്റ്ലാന്റിക് സമുദ്രത്തിൽ വച്ച് കപ്പൽ പാറക്കെട്ടിൽ ഇടിച്ചു ദ്വാരമുണ്ടായി കടൽവെള്ളം ഇരച്ച് കപ്പലിനകത്തേക്ക് കയറുന്നതു കണ്ട് ഭയപ്പെട്ട യാത്രക്കാരോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. പെട്ടെന്ന് വെള്ളം നിലച്ചു. ചെന്നു നോക്കിയപ്പോൾ ആ വിള്ളലിലേക്ക് ഒരു നീർ നായ് കയറി വിള്ളൽ അടയ്ക്കുവാൻവണ്ണം ഉടക്കി ഇരുന്ന സംഭവം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**3) നമ്മുടെ ഭൗതിക ആവശ്യങ്ങളിൽ അവൻ നമുക്കു വേണ്ടി കരുതുന്നു.** (മത്തായി. 6:30)

പണം, വസ്ത്രം തുടങ്ങിയ ഭൗതിക കാര്യങ്ങൾക്കുവേണ്ടി ചിന്തിക്കാതെ ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എല്ലാറ്റിനും പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രത്തോടെ ആവശ്യങ്ങൾ അറിയിക്കയത്രേ വേണ്ടത്.

**4. മറ്റുള്ളവർ നമ്മോടു എതിർക്കുമ്പോഴും നമ്മെ കൈവിടുമ്പോഴും നമുക്കായി കരുതുന്നു.** (2 ശമു. 17:27) ദാവീദിനെ മഹനിയമിൽ വച്ചും. (2 രാജ. 6:17) ഏലിശാ പ്രവാചകനെ കൊല്ലുവാൻ ആരാം രാജാവ് പട്ടാളക്കാരുമായി വന്നപ്പോഴും (അപ്പോ. 16:26) വി.പൗലോസിനേയും (അപ്പോ. 12:7) വി. പത്രോസിനെയും കാരാഗ്രഹത്തിൽവച്ച് യൗസേഫിനേയും വിടുവിച്ച ദൈവം നമ്മേയും വിടുവിക്കും. (സങ്കീ. 57:3) എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നവർ ധിക്കാരം കാട്ടുമ്പോൾ അവൻ സ്വർഗ്ഗത്തിൽ നിന്നും കൈനീട്ടി എന്നെ രക്ഷിക്കും.

**5) നമ്മുടെ രോഗങ്ങളിൽ ദൈവം നമുക്കായി കരുതുന്നു.** (യശ.53:4) അവൻ നമ്മുടെ രോഗങ്ങളെ വഹിച്ചു വേദനകളെ ചുമന്നു. ഹിസ്ക്കിയാ രാജാവ് മരിക്കാറായപ്പോൾ നിലവിളിച്ചു പ്രാർത്ഥിച്ചു, ആയുസ്സ് 15 വർഷം നീട്ടികൊടുത്തു. (യെശ.38:5). മരണത്തിൽനിന്നുള്ള നീക്കുപോക്കുകൾ യഹോവയ്ക്കുള്ളത്. (സങ്കീ.68:20) 18 വർഷം കൂനിയായ സ്ത്രീ. 12 വർഷം രക്തസ്രാവക്കാരിയായ സ്ത്രീ. 38 വർഷം തളർവാതരോഗിയായി ബഥാസ്ദാ കുളങ്കരയിൽ കിടന്ന മനുഷ്യൻ. അവൻ തന്റെ വചനത്തെ അയച്ചു സൗഖ്യമാക്കുന്നു.(സങ്കീ.107:20). ഇതാ നിങ്ങളുടെ ദൈവം അവൻ വന്നു നിങ്ങളെ രക്ഷിക്കും യെശ.35:4).

**6. വാർദ്ധക്യത്തിലും കരുതുന്നു.** വാർദ്ധക്യത്തിൽ തനിച്ചിരിക്കുന്ന അവസരത്തിൽ ഭയം ഉണ്ടായപ്പോൾ സങ്കീർത്തനക്കാരൻ പാടി വാർദ്ധക്യകാലത്തു നീ എന്നെ തള്ളി കളയരുതേ ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുത്. (സങ്കീ. 71:9). നിങ്ങൾ നരക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കുകയും ചെയ്യും എന്ന് യഹോവ അരുളിച്ചെയ്യുന്നു. (യശ. 46:4).

**7. മരണവേളയിലും ദൈവം നമുക്കായി കരുതുന്നു.**

മരണത്തിന്റെ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഭയപ്പെടുകയില്ല. നീ എന്നോടു കൂടി ഇരിക്കുന്നുവല്ലോ നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കും (സങ്കീ. 23:4). തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു. സങ്കീ. 116:15.

മരണ സമയത്തും നമ്മുടെ അരികിൽനിന്നു നമുക്കു വേണ്ടി പുത്രൻ തമ്പുരാനോട് അപേക്ഷിക്കുന്ന പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം നമുക്ക് ആശ്വാസപ്രദമാണ്.

## ക്നായിതോമാ പ്രാർത്ഥനാകൂട്ടായ്മയുടെ 6 –ാ മത് വാർഷികം



ക്നായിതോമാ പ്രാർത്ഥനാ കൂട്ടായ്മയുടെ 6-ാമത് വാർഷികം ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

# ഏഴു കാര്യങ്ങൾ

ജേക്കബ് ജോസ് മണിമലേത്ത്

**വേദപുസ്തകത്തിൽ കാണുന്ന ഏഴു മലകൾ**

ഞാൻ എന്റെ കണ്ണ് പർവ്വതത്തിലേയ്ക്ക് ഉയർത്തുന്നു: എനിക്ക് സഹായം എവിടെനിന്ന് വരും. എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിൽ നിന്ന് വരുന്നു (സങ്കീ.121:1–2). ഇവിടെ സങ്കീർത്തനക്കാരൻ സഹായത്തിനായി തന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. ഏതെല്ലാം പർവ്വതങ്ങളിലേക്കാണ് തന്റെ കണ്ണുകളെ ഉയർത്തുന്നത്.

**1. അരാരാത്ത് പർവ്വതം:** നോഹയുടെ പെട്ടകം അരാരാത്ത് പർവ്വതത്തിൽ ഉറച്ചു (ഉല്പ.8:4). നോഹയും കുടുംബവും ജലപ്രളയത്തിൽ നിന്ന് രക്ഷപെട്ടതിനാൽ ഒരു വിടുതലിന്റെ പർവ്വതമായി അരാരാത്ത് പർവ്വതത്തെ നാം കാണുന്നു. ഗോഗുൽത്താ മലയിലെ ക്രൂശുമരണത്താൽ മാനവജാതിക്കുണ്ടായ വിടുതലിനെ ഇത് ഓർമ്മിപ്പിക്കുന്നു.

**2. മോരിയാദേശത്തുള്ള മല:** പരിശോധനയുടെ മലയായി മോരിയ ദേശത്തെ മലയെ നമുക്ക് കാണാം. (ഉല്പ.22:1–2). അബ്രഹാമിന്റെ അനുസരണം നാം ഇവിടെ കാണുന്നു. മോരിയാ ദേശത്തെ മല അനുസരണത്തിന്റെ മലയായി നമുക്ക് കാണാം.

**3. കർമേൽ പർവ്വതം:** 1 രാജാക്കന്മാർ 18:21–ൽ ഏലിയാവ് ഒരു തീരുമാനം എടുക്കാൻ ജനത്തോട് പറയുന്നു. ക്രിസ്തീയജീവിതം രണ്ടു തോണിയിലൂടെ ഉള്ള ഒരു യാത്രയല്ല. പുതിയനിയമത്തിൽ പൗലോസ് 2 കൊരി. 6:14–17 വചനത്തിലൂടെ ഇത് നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു.

**4. ഒലിവുമല:** ഒലിവുമല പ്രാർത്ഥനയുടെ മലയായി നാം കാണുന്നു (ലൂക്കോസ് 21:37) ദൈവവചനം പഠിച്ചാൽ മാത്രമാകുന്നില്ല. പ്രാർത്ഥനാ ജീവിതവും ഒരു വിശ്വാസിക്ക് അത്യന്താപേക്ഷിതമാണ്. യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത ഒലിവുമലയിലാണ് (സെഖര്യാവ് 14:4–6)

**5. മറുരൂപമല :** മർക്കോസ് 9:2 ൽ യേശു ശിഷ്യന്മാരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. നമ്മുടെ ശരീരത്തിന്റെ രൂപാന്തരണം ഫിലിപ്യർ 3:21 ൽ നമുക്ക് കാണാം. ഇവിടെ ക്രിസ്തീയ ജീവിതത്തിന്റെ രൂപാന്തരണം കാണാം. ഞങ്ങൾ മൂന്നു കുടിലുകൾ ഉണ്ടാക്കട്ടെ എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് സ്വർഗ്ഗം നൽകുന്ന ഉത്തരം ഇവൻ എന്റെ പ്രിയപുത്രൻ ഇവനു ചെവി കൊടുപ്പീൻ എന്നാണ്. ക്രിസ്തുവിന്റെ വചനങ്ങൾക്ക് മാത്രം നാം ചെവികൊടുക്കുക (യോഹ.8:51)

**6. സീയോൻ പർവ്വതം :** ഓരോ വിശ്വാസിയും സ്വർഗ്ഗീയ സീയോനിലേക്കുള്ള യാത്രയിലാണ് (സങ്കീ. 48:1–2, മീഖ 4:7).


**7. യേശു ഗിരിപ്രഭാഷണം നടത്തിയമല: :** വിടുതലിന്റെ പർവ്വതമായ അരാരാത്തും അനുസരണത്തെ ഓർമ്മിപ്പിക്കുന്ന മോരിയ ദേശത്തെ പർവ്വതവും, ജീവിതവിശുദ്ധിയെ ഓർമ്മിപ്പിക്കുന്ന കർമ്മേൽ പർവ്വതവും പ്രാർത്ഥനാ ജീവിതത്തെ ഓർമ്മിപ്പിക്കുന്ന ഒലിവുമലയും താണ്ടിവന്ന ക്രിസ്തീയ വിശ്വാസികൾക്ക് ജയജീവിതം നയിക്കുവാൻ ബൈബിൾ പഠനം അത്യന്താപേക്ഷിതമാകുന്നു. ബൈബിൾ പഠനം മറക്കരുതെന്ന് ഈ പർവ്വതം നമ്മെ ഓർമ്മിപ്പിക്കുന്നു.

**7 യുഗങ്ങൾ**

(1) നിഷ്പാപയുഗം
(2) മനഃസാക്ഷിയുഗം
(3) മാനുഷിക ഭരണയുഗം
(4) വാഗ്ദത്തയുഗം
(5) ന്യായപ്രമാണയുഗം
(6) കൃപായുഗം
(7) സഹസ്രാബ്ദയുഗം – ആയിരം വർഷം ഭൂമിയിൽ യേശുക്രിസ്തു രാജാധിരാജാവായി വാഴുന്ന കാലം.

**സാത്താന്റെ വീഴ്ചയുടെ 7 പടികൾ**

(1) ദൈവസന്നിധിയിൽ നിന്ന് (യെശയ്യാവ് 14:12–14)
(2) ഏദനിൽ നിന്ന് (യെഹസ്കിയേൻ 28:11–16)
(3) കാൽവറിമലയിൽ (യോഹ. 12:31, ഉല്പ.3:15)
(4) സാത്താൻ വിശുദ്ധന്മാരുടെ കാൽക്കീഴിൽ (റോമർ16:20)




(5) സ്വർഗ്ഗത്തിൽ നിന്നും (വെളിപാട് 12:9)
(6) അഗാധകൂപത്തിൽ ആയിരം വർഷം (വെളി: 20:15)
(7) തീപ്പൊയ്കയിൽ വീഴും (വെളി. 20:10)

**കള്ളപ്രവാചകന്മാരുടെ 7 വിശേഷണങ്ങൾ**

(1) ലഹരിയിൽ ചാഞ്ചാടുന്നവർ (യെശ.28:7)
(2) കാറ്റായിത്തീരുന്നവർ (യിരമ്യാവ് 5:13)
(3) വഷളന്മാർ (യിരമ്യാവ് 23:11)
(4) വ്യഭിചാരത്തിലും വ്യാജത്തിലും നടക്കുന്നവർ (യിരമ്യാവ് 23:14)
(5) സ്വന്തഹൃദയത്താൽ പ്രവചിക്കുന്നവർ (യെഹസ്ക്കിയേൽ 13:2)
(6) പണം വാങ്ങി ലക്ഷണം പറയുന്നവർ (മീഖാ 3:11)
(7) ആടുകളുടെ വേഷത്തിൽ വരുന്നവർ (മത്താ. 7:15)

**വെളിപാട് 21, 22 അദ്ധ്യായത്തിലെ 7 പുതിയ കാര്യങ്ങൾ**

(1) പുതിയ ആകാശം 21:1 (2) പുതിയ ഭൂമി 21:1 (3) പുതിയ യെരുശലേം 21:2 (4) സകലതും പുതിയത് 21:5 (5) പുതിയ മന്ദിരം 21:22 (6) പുതിയ പ്രകാശം 21:23/22:5 (7) പുതിയ പറുദീസ – ജീവജലനദി, ജീവവൃക്ഷം, സിംഹാസനം 22:1–5)

# കൗമ്മപ്രാർത്ഥന

റ്റി. യു. ജോസ് തൈത്തറ, കുറിച്ചി

കുരിശുവരയ്ക്കുന്നതിൽ അന്തർലീനമായിരിക്കുന്ന ആശയം മനസ്സിലാക്കുന്നവർക്ക് അത് യേശുക്രിസ്തുവിന്റെ രക്ഷയെ അനുഭവമാക്കുന്നതിനും അന്വർത്ഥമാക്കുന്നതിനും സാധിക്കുന്നു. കുരിശുവരയ്ക്കുമ്പോൾ "ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളുടെമേൽ കരുണചെയ്യണമെ" എന്ന പ്രാർത്ഥന വാക്കുകളായും അത് തന്നെ ആംഗ്യമായും പ്രകടനമാകുന്നു. നമ്മുടെ എല്ലാ പ്രാർത്ഥനകളും കൗമ്മ പ്രാർത്ഥനയോടെയാണ് ആരംഭിക്കുന്നത്. കൗമ്മ എന്ന വാക്കിന്റെ അർത്ഥം "എഴുന്നേറ്റ് നിൽക്കുക" എന്നാണ്. നമ്മുടെ കർത്താവിന്റെ കബറടക്ക സമയത്ത് അരിമത്യക്കാരൻ യൗസേപ്പും നിക്കോദിമോസും മാലാഖമാർ പാടുന്ന ശബ്ദം കേട്ടു. "ദൈവമെ നീ പരിശുദ്ധനാകുന്നു, ബലവാനെ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു" ഈ ദൈവസ്തുതി കേട്ട യൗസേഫും നിക്കോദിമോസും സാഷ്ടാംഗപ്രണാമം ചെയ്ത് "ഞങ്ങൾക്ക് വേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ" എന്ന് ഏറ്റുപറഞ്ഞതായി നമ്മുടെ പരിശുദ്ധ പിതാക്കന്മാർക്ക് വെളിപാട് ഉണ്ടാകുകയും അത് സഭ വിശ്വസിക്കുകയും ചെയ്യുന്നതു കൊണ്ടാണ് "കൗമ്മ" പ്രാർത്ഥനയിൽ ആമുഖമായി ചേർത്തിരിക്കുന്നത്.

പട്ടക്കാരും മേൽപട്ടക്കാരുമൊക്കെ എഴുന്നേറ്റ് നിന്നാണ് കൗമ്മാ ചൊല്ലുന്നത്. അത്രയ്ക്ക് പ്രാധാന്യവും ഭക്തിനിർഭരമായതുമാണ് ഈ പ്രാർത്ഥന. എന്നാൽ നമ്മുടെ മിക്ക ദൈവാലയങ്ങളിലും പ്രഭാതപ്രാർത്ഥന, സന്ധ്യാപ്രാർത്ഥന തുടങ്ങിയ എല്ലാ പ്രാർത്ഥനകളും നടക്കുമ്പോൾ ഗദ്യത്തിലും പദ്യത്തിലുമൊക്കെ കൗമ്മാ ചൊല്ലുമ്പോൾ മിക്കവിശ്വാസികളും തങ്ങളുടെ ഇരിപ്പിടങ്ങളിൽ ഇരുന്നുകൊണ്ടാണ് കൗമ്മാകളും പ്രാർത്ഥനയുമൊക്കെ ചൊല്ലുന്നത്. അതുപോലെ വിവാഹകൂദാശകൾ നടക്കുമ്പോഴും ശവസംസ്കാര ശുശ്രൂഷകൾ നടക്കുമ്പോഴും ഈ പ്രവണതകൾ നടക്കുന്നതായി കാണപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള ശുശ്രൂഷകൾ നടക്കുമ്പോൾ സ്ത്രീകളുടെ സംസാരത്തിന്റെ ആരവം കാരണം ഈ ശുശ്രൂഷകൾ മറ്റുള്ളവർക്ക് ശരിയായിട്ട് ശ്രവിക്കുവാൻപോലും സാധിയ്ക്കാത്ത സാഹചര്യങ്ങൾ പലപ്പോഴും പല ദൈവാലയങ്ങളിലും ഉണ്ടാകാറുണ്ട്. അതുപോലെ ചില ദൈവാലയങ്ങളിൽ സ്ത്രീകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന മറ്റൊരു പ്രക്രിയയാണ് സുവിശേഷകരോ, വൈദികരോ കന്യാസ്ത്രീകളോ ഒക്കെ വചനപ്രഘോഷണം നടത്തുമ്പോൾ അവരെ കമന്റ് അടിക്കുക, പരിഹാസ ചൊവയിൽ ചിരിയ്ക്കുക തുടങ്ങിയ വിക്രിയകൾ. ഈ പ്രവൃത്തികൾ പ്രസംഗികരെ അവഹേളിക്കുന്നതിന് തുല്യമല്ലേ? പള്ളിക്കകത്ത് എത്ര ഇടയുണ്ടെങ്കിലും വി. കുർബ്ബാന നടക്കുമ്പോൾ പള്ളിയുടെ ഇരുമുറ്റത്തായും പുറകിലായും നിൽക്കുന്ന സ്ത്രീപുരുഷന്മാർ, വി. ആരാധന നടക്കുമ്പോൾ പുറജാതികൾ മുൻപ് നിന്നിരുന്നതുപോലെ അലക്ഷ്യമായി നടന്ന് സമയം കളയുന്ന മറ്റൊരു കൂട്ടർ. ഇങ്ങനെയുള്ള അവസ്ഥാവിശേഷങ്ങൾ മാറ്റി എടുക്കുവാൻ നാം എന്താണ് ചെയ്യേണ്ടത്? ഇങ്ങനെയുള്ള വിശ്വാസികളെ ബോധവാന്മാരാക്കേണ്ടത് സഭയുടെ ഉത്തരവാദിത്വമല്ലേ? ഓരോ ദൈവാലയങ്ങളിലും വികാരിമാരായ ബഹു.വൈദികരുടെ ശ്രമഫലമായി മാത്രമെ ഇതിന് ഒരു പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ പരിശുദ്ധരായ പൂർവ്വപിതാക്കന്മാർ പരിശുദ്ധാത്മാഭിഷേകത്താൽ നൽകിയിട്ടുള്ള പ്രാർത്ഥനാക്രമങ്ങൾ, അവർ കൈമാറിതന്നിട്ടുള്ള സത്യവിശ്വാസങ്ങൾ, പാരമ്പര്യങ്ങൾ, ദൈവവചനങ്ങൾ ഇവ ദൈവാലയങ്ങളിലെ വനിതാ സമാജങ്ങൾ, പ്രാർത്ഥനായോഗങ്ങൾ, മറ്റ് ക്ലാസ്സുകൾ ഇവയിൽകൂടി ഒക്കെയുള്ള പ്രബോധനങ്ങൾ, വചനശുശ്രൂഷകൾ മുതലായവ വഴിയായി വിശ്വാസികളെ ബോധവൽക്കരിക്കുവാൻ വികാരിമാരായ വൈദികശ്രേഷ്ഠർക്ക് ദൈവം കൃപ നൽകട്ടെ എന്ന് പരിശുദ്ധ പിതാക്കന്മാരുടെയും സകല ശുദ്ധിമതിമാന്മാരുടെയും ശുദ്ധിമതിയായ കന്യകമറിയാം അമ്മയുടെയും മദ്ധ്യസ്ഥപ്രാർത്ഥനയിൽ അഭയപ്പെട്ടുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ●


## നസ്രേത്ത് കോളജ് ഓഫ് ഫാർമസി ഓതറ

താഴെപറയുന്ന ജോലികൾക്കായി ദർഘാസ് ക്ഷണിക്കുന്നു.

1. ബാസ്ക്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട് &മിനി സ്റ്റേഡിയം
2. ലേഡീസ് ഹോസ്റ്റലിലേക്ക് ലിഫ്റ്റ്

താല്പര്യമുള്ളവർ കോളജ് ഓഫീസുമായി 22-10-2019 മുമ്പായി ബന്ധപ്പെടുക.

**നസ്രേത്ത് കോളജ് ഓഫ് ഫാർമസി**
**ഓതറ, തിരുവല്ല 689546**
**Ph: 0469-2657546, 9495237292**


നാലുവർഷത്തിനുമേൽ കുടിശ്ശിഖ ആയാൽ ഇനിമുതൽ ദീപം അയയ്ക്കുന്നതല്ല. ആയതിനാൽ കുടിശ്ശിഖയുള്ളവർ വരിസംഖ്യ ദയവായി അടയ്ക്കണം. ഓൺലൈനായും വരിസംഖ്യ അടയ്ക്കാവുന്നതാണ്.


**Ac. No. 57004254154**
**IFSC: SBIN 0070128**
**SBI, Chingavanam**

# രാമാനുജൻ-കണക്കിലെ കൊള്ളിമീൻ

**എബി**

കണക്കിന്റെ  നഭസ്സിൽ ഉജ്ജ്വല പ്രകാശം ചൊരിഞ്ഞു കൊണ്ട് ഒരു കൊള്ളിമീൻ കടന്നു പോയി. ആ ഇൻഡ്യൻ പ്രതിഭയുടെ പേരാണ് ശ്രീനിവാസൻ രാമാനുജൻ.  ഗണിത ശാസ്ത്ര ലോകത്ത് ഇൻഡ്യയുടെ യശസ്സുയർത്തിയ ആ ജീനിയസിനെ ലോകം ഇന്നുമാദരിക്കുന്നു, ഹ്രസ്വമായ 32 വർഷം മാത്രം ജീവിച്ച അതുല്യ പ്രതിഭ കണക്കിനെ കൈകളിലെടുത്ത്  അമ്മാനമാടി.

1887 ഡിസംബർ 22ന് തമിഴ്നാട്ടിലെ ഈറോഡിലുള്ള ഒരു ദരിദ്ര അയ്യങ്കാർ കുടുംബത്തി ലായിരുന്നു രാമാനുജന്റെ ജനനം. അച്ഛൻ കുപ്പുസ്വാമി ഒരു സാരിക്കടയിൽ ഗുമസ്ത നായി ജോലി നോക്കിയിരുന്നു. വീട്ടമ്മ യായ കോമളതാ അമ്മാൾ ഇടവേള കളിൽ അടുത്തുള്ള ക്ഷേത്രത്തിൽ ഭക്തി ഗാനങ്ങൾ പാടി. രാമാനുജന്റെ ഇളയ സഹോദരങ്ങൾ ചെറുപ്രായത്തിലെ മരി ച്ചുപോയി. രണ്ടാം വയസിൽ സ്മോൾ പോക്സ് ബാധിച്ചെങ്കിലും രാമാനുജൻ രക്ഷപെട്ടു.



1892 ൽ അഞ്ചാം വയസ്സിൽ രാമാനു ജൻ ലോക്കൽ സ്ക്കൂളിൽ പ്രഥമിക വിദ്യാ ഭ്യാസം തുടങ്ങി. ഗണിതത്തിലുള്ള അവന്റെ മികവ്  ബാല്യത്തിൽ തന്നെ പ്രകടമായിരുന്നു. അടിക്കടി ഉണ്ടായി ക്കൊണ്ടിരുന്ന രോഗങ്ങൾ രാമാനുജന്റെ പഠനത്തെ ബാധിച്ചു. അതിന്റെ കൂടെ കുടുംബത്തിലെ സാമ്പത്തിക പരാധീ നതകളും. ഫീസ് കൊടുക്കാൻ തന്നെ ബുദ്ധിമുട്ടിയിരുന്നു.  ഇതിനിടയിൽ പഠിക്കാൻ മദ്രാസിൽ പോയെങ്കിലും ആറുമാസം കഴിഞ്ഞ് തിരികെ വന്നു. പിന്നീട് നാട്ടിൽ പഠനം തുടർന്നെങ്കിലും അനാരോഗ്യം മൂലം കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എങ്കിലും ഗണിത ശാസ്ത്രം സ്വയം പഠിച്ചു.

ശൈശവ വിവാഹം നിലനിന്നിരുന്ന ആ കാലത്ത് കുടും ബാചാര പ്രകാരം 1909ൽ പന്ത്രണ്ടാമത്തെ  വയസിൽ രാമാ നുജൻ ജാനകി അമ്മാളിനെ വിവാഹം കഴിച്ചു. എങ്കിലും മകൻ അമ്മയുടെ സംരക്ഷണയിലും തണലിലുമായിരുന്നു. അമ്മ മകനെ പുരാണങ്ങളൊക്കെ ബാല്യത്തിൽ തന്നെ പഠിപ്പിച്ചു. പത്തു വയസ്സായപ്പോഴേക്കും ഇംഗ്ലീഷും തമിഴും ഭൂമിശാസ്ത്രവുമൊക്കെ പഠിച്ചു ജില്ലയിലെ ഏറ്റവും നല്ല മാർക്കുവാങ്ങി ശ്രദ്ധിക്കപ്പെട്ടു. പതിനാറാം വയസിൽ മാത്തമാറ്റിക്സിൽ മെറിറ്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. ചെറുപ്പംമുതലെ പല രോഗങ്ങൾക്കും അടിമപ്പെട്ട രാമാനുജന് ദാമ്പത്യത്തിൽ കുട്ടികളൊന്നും ജനിച്ചില്ല.

മെട്രിക്കുലേഷൻ തലംവരെ മാത്രം പഠിച്ച അദ്ദേഹം മദ്രാസ് പോർട്ട് ട്രസ്റ്റിൽ ക്ലാർക്കായി ചേർന്നു. അവിടെയിരുന്നു കൊണ്ട് ഗണിതപഠനം തുടർന്നു. ഒഴിവു സമയങ്ങളിൽ ഗണിതത്തിൽ സ്വയം ഗവേഷണം നടത്തി. ഇതിനിടയിൽ തന്റെ കണ്ടെത്തലുകളിൽ ചിലത് കേംബ്രിഡ്ജ് സർവ്വ കലാശാലയിൽ പ്രവർത്തിച്ചിരുന്ന പ്രശസ്ത ഗണിത ശാസ് ത്രജ്ഞൻ പ്രൊഫസർ ഹാർഡിക്ക് അയച്ചു കൊടുത്തു. അത് രാമാനുജന്റെ ജീവിതത്തിൽ വഴിത്തിരിവായി. കോളജുതല വിദ്യാഭ്യാസംപോലുമില്ലാത്ത ഒരാൾക്ക് ഗണിത ത്തിൽ ഇത്രയേറെ പുതിയ ആശയങ്ങളു ണ്ടായതിനാൽ ഹാർഡി അത്ഭുതപ്പെട്ടു. രാമാനുജനെ ഇംഗ്ലണ്ടിലെത്തിച്ച് താമസിച്ച് പഠന ഗവേഷണത്തിനുള്ള എല്ലാ സഹായങ്ങളും ഹാർഡി നൽകി. അദ്ദേഹത്തിന്റെ ശ്രമഫലമായി രാമാനുജന് ട്രിനിറ്റി കോളജിൽ ഫെലോഷിപ്പ് ലഭിച്ചു. അവിടുത്തെ ഗണിത പ്രഫസർമാർ ഈ ഇൻഡ്യൻ യുവാവിന്റെ അസാമാന്യ സിദ്ധിയിൽ വിസ്മയിച്ചു.

ബ്രിട്ടനിലെത്തിയ രാമാനുജൻ നിരവധി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരി ച്ചു. സംഖ്യാസിദ്ധാന്തമായിരുന്നു മുഖ്യ ഗവേഷണ മേഖല. 'നമ്പർതിയറി' 'എലി പ്റ്റിക്കൽ ഫങ്ക്ഷൻസ് തുടങ്ങിയ ശുദ്ധ ഗണത്തിൽ ഗവേഷണങ്ങൾ നടത്തി അംഗീകാരം നേടി.

1918ൽ രാമാനുജനെ 'ഫെലോ ഓഫ് ദി റോയൽ സൊസൈറ്റി'യായി തിരഞ്ഞെ ടുത്തു. ന്യൂട്ടനും, ഡാർവിനും, ഐൻസ്റ്റിനും അഭിമാനപൂർവ്വം സ്വീകരിച്ച ആ പദവി 31-ാം വയസിൽ അദ്ദേഹത്തെ തേടിവന്നു. എന്നാൽ ക്ഷയരോഗിയായി മാറിക്ക ഴിഞ്ഞിരുന്ന അദ്ദേഹത്തിന് അധികകാലം ബ്രിട്ടനിൽ തുടരാനായില്ല. അവിടുത്തെ ആഹാര രീതിയും കാലാവസ്ഥയും തമ്മിൽ പൊരുത്തപ്പെടാനാവാതെ നാട്ടിലേക്കു മടങ്ങി. 1919ൽ ഇൻഡ്യയിൽ തിരിച്ചെത്തിയ രാമാനുജം അധികനാൾ ജീവിച്ചിരു ന്നില്ല. 1920 ഏപ്രിൽ 26ന് കുംഭകോണത്തുവച്ച് മുപ്പത്തി രണ്ടാം വയസിൽ അദ്ദേഹം അന്തരിച്ചു.

രാമാനുജൻ സംഖ്യ എന്നറിയപ്പെടുന്ന സംഖ്യയായ 1729 ആണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളിൽ പ്രധാനപ്പെ ട്ടത്. അദ്ദേഹത്തിന്റെ  അപ്രകാശിത കൈയ്യെഴുത്തു കുറിപ്പു കൾ പിൽക്കാലത്ത് വെളിച്ചം കാണുകയുണ്ടായി. അവയെ ആസ്പദമാക്കി ധാരാളം ഗവേഷണ പ്രബന്ധങ്ങൾ രൂപം കൊള്ളുകയും ചെയ്തു. ഗണിത ശാസ്ത്ര ലോകത്ത് ഒരു അത്ഭുതമായി അവതരിച്ച് കൊള്ളിമീൻപോലെ മിന്നി മറഞ്ഞ ആ അതുല്യ പ്രതിഭയെ ലോകം എക്കാലവും അനുസ്മരി ക്കും. ആദരിക്കും.

# റൂമാലും ഉത്തരീയവും

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

അടുത്ത കാലത്ത് ഒരു ഉപദേശിയുമായി സഭയുടെ പാരമ്പര്യത്തെപ്പറ്റി സംസാരിക്കുന്നതിന് എനിക്കു ഇടയായി. പുരാതന സഭകൾ എല്ലാം തെറ്റിപോയെന്നും, അവരുടെ സഭ മാത്രമാണ് വചന പ്രകാരം ശരിയായിട്ടുള്ളതെന്നും അയാൾ പറഞ്ഞു. യേശു അന്ന് സഭ സ്ഥാപിച്ചപ്പോൾ ലോകാവസാനത്തോളം അതു നിലനിൽക്കുമെന്നും, അതിനു നാശം സംഭവിക്കില്ലെന്നും പറഞ്ഞു സ്ഥാപിച്ച സഭ പിന്നെ ഏതാണെന്നും, നിങ്ങളുടെ സഭയ്ക്കു എന്തു പാരമ്പര്യമാണ് ഉള്ളതെന്നും, നിങ്ങൾക്കു റുമാലും, ഉത്തരീയവും ഇല്ലല്ലോന്നു ചോദിച്ചപ്പോൾ താൻ പോക്കറ്റിൽനിന്നും ഒരു തൂവാല കാണിച്ചിട്ട് ഇതാണ് ഞങ്ങളുടെ റുമാൽ എന്നു പറഞ്ഞു. ഇതു താങ്കൾ വിയർപ്പ് തുടക്കുന്ന സ്വന്തം തൂവാലയല്ലെ? ഇതാണോ പൗലോസ് രോഗികളുടെ മുഖത്തിട്ട് പ്രാർത്ഥിക്കുന്നതിനു (അപ്പോ.19:12) കൊടുത്തയച്ച തെന്നു ചോദിച്ചതിന് തനിക്കിപ്പോൾ യോഗം ആരംഭിക്കുന്നതിന് സമയമായി പിന്നീട് നമുക്കു കൂടുതൽ സംസാരിക്കാമെന്നും പറഞ്ഞു. അന്നു മുതൽ റുമാലിനെപ്പറ്റി ഒന്നു വിശദീകരിക്കണമെന്നാഗ്രഹിച്ചിരുന്നു.

യഹൂദന്മാരുടെ തനിമ നിലനിർത്തുന്നതിനായി അവരുടെ വസ്ത്രധാരണ രീതിയിൽ തലയിൽ ഒരു തൂവാല ധരിക്കുമായിരുന്നു. ഇതാണ് റുമാൽ. ഇപ്രകാരം അറബികളും തങ്ങളുടെ ജാതിയും ഉയർന്ന നിലയിൽ ആണന്നുള്ള ഭാവത്തിൽ അവരുടെ തലയുടെ മുകളിലും ഒരു തൂവാല ഇടുകയും അത് ബലപ്പെടുത്താൻ അതിനു മുകളിൽ ഒരു വളയവും ഇട്ടിരുന്നു. യേശുവും യഹൂദനായിരു ന്നതിനാൽ ഇത് ധരിച്ചിരുന്നു. (അപ്പോ. 19:12).

എ.ഡി. 312 ൽ പുറജാതിക്കാരനായിരുന്ന കുസ്തന്തീനോസ് ചക്രവർത്തി, തന്നെക്കാൾ വലിയ ശക്തനായ ഒരു ശത്രു രാജാവ് തന്നോടു യുദ്ധത്തിനു വരുന്ന വിവരം അറിഞ്ഞ് രാജാവ് ഭയപരവശനായി ആകുല ചിന്തയിൽ ദൈവത്തോടു പ്രാർത്ഥിച്ച് കടൽത്തീരത്തുകൂടി നടക്കുമ്പോൾ പെട്ടന്ന് ആകാശത്ത് ഒരു കുരിശടയാളം കാണുകയും, തന്റെ സൈന്യങ്ങളുടെ വസ്ത്രങ്ങളിൽ കുരിശടയാളം പതിച്ച് വച്ച് യുദ്ധത്തിനു പോകണമെന്ന് ഒരു ശബ്ദം കേൾക്കയും അന്നു രാജാവ് കണ്ട കുരിശിന്റെ ചുവട്ടിൽ ഒരു തൂവാല കെട്ടിയിരുന്നതായി കണ്ടതായിട്ടാണ് ഐതിഹ്യം. ഇപ്രകാരം ചെയ്ത രാജാവ് യുദ്ധം വിജയിക്കയും. പിന്നീട് ഈ അടയാളത്തിന്റെ രഹസ്യം എന്താണെന്ന് അന്വേഷിക്കുകയും, യറുശലേമിൽ മാനവരാശിയുടെ രക്ഷയ്ക്കായി യേശു ക്രൂശിൽ യാഗമായിത്തീർന്നതും, അവൻ ദൈവപുത്രനാ ണെന്നും അറിഞ്ഞശേഷം ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ക്രിസ്തുമതത്തിന്റെ വലിയ വളർച്ചയ്ക്കായിട്ട് പ്രവർത്തിക്കുകയും ചെയ്തു. സഭയെ ഏകീകരിക്കുന്നതിനും, വിപുലീകരിക്കുന്നതിനും ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. അതായിരുന്നു എ.ഡി. 325-ൽ നിഖ്യാ സുന്നഹദോസ് എന്നറിയപ്പെട്ടിരുന്നത്. അന്നായിരുന്നു ലോകം മുഴുവൻ സഭ നാലായിട്ട് വിഭജിച്ച്, ഓരോ സഭയ്ക്കും നാല് തലവന്മാരെ വാഴിക്കുകയും അലക്സാന്ത്രിയാ, അന്ത്യോഖ്യാ, കുസ്തന്തീനോസ്പോലീസ്, റോമാ, എന്ന് സഭകൾ അറിയപ്പെടാൻ തുടങ്ങിയത്. പൗരസ്ത്യ സഭയുടെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ അധികാരപ്പെടുത്തുകയും ചെയ്തു. ക്രിസ്ത്യാനി കളുടെ ദേവാലയങ്ങളിൽ രക്ഷയുടെ അടയാളമായിട്ട് കുരിശ് നിർബന്ധമായിട്ടും സ്ഥാപിച്ചതും അന്നു മുതലായിരുന്നു അതിനുശേഷം അതാതു സഭയുടെ പുരോഹിതന്മാരുടെ വസ്ത്രധാരണ രീതിക്കു ക്രമീകരണങ്ങൾ ഉണ്ടാക്കി. അതനുസരിച്ച് അന്ത്യോഖ്യൻ സഭയുടെ മെത്രാന്മാർ വിശ്വാസികൾക്ക് വാഴ്വ് ആശിർവദിക്കാൻ ഉപയോഗിക്കുന്ന കുരിശിന്റെ ചുവട്ടിൽ, യേശു റുമാൽ ധരിപ്പിച്ചിരുന്നതിനാൽ അതിന്റെ ഓർമ്മയെ നിലനിർത്താനും യഹൂദന്മാർ തങ്ങൾ അബ്രഹാം പിതാവിന്റെ മക്കൾ ഞങ്ങൾ ആർക്കും ദാസരായിരിക്കില്ലന്ന അവരുടെ ഗർവും, അഹങ്കാരവും കാണിച്ചിരുന്ന അടയാളമായി ധരിച്ചിരുന്ന റുമാൽ യേശു ശിഷ്യന്മാരുടെ പാദം കഴുകി വിനയവും, താഴ്മയും യഹൂദനെ പഠിപ്പിച്ചതിന്റെ ഓർമ്മയെ നിലനിർത്തി ക്രിസ്ത്യാനികൾ അപ്രകാരം ജീവിക്കണമെന്ന സൂചനയായി പിതാക്കന്മാർ റുമാലിന്റെ സ്ഥാനം യൂദർ തലക്കനം കാണിക്കുന്നതിനു ധരിച്ചിരുന്നത് താഴ്മയുടെ പ്രാധാന്യം മനസിലാക്കിത്തന്നതിനായി, മെത്രാന്മാരുടെ കുരിശിനടിയിൽ സ്ഥാനപ്പെടുത്തി. ന്യായം പ്രവർത്തിക്കുവാനും, ദയാ തൽപ്പരനായിരിപ്പാനും, താഴ്മയോട് നടക്കുവാനും അല്ലാതെ എന്താണ് യഹോവ നിന്നോടു ചോദിക്കുന്നത് (മീഖ 6:8). ഹിന്ദുക്കൾ അമ്പലങ്ങളിൽ തേങ്ങ എറിഞ്ഞുടക്കുന്നതു കണ്ടിട്ടില്ലേ? തങ്ങളുടെ ഉള്ളിലുള്ള അഹന്തയെ ഉടച്ചു കളയാനാണ് ഇപ്രകാരം അവർ എറിയുന്നത്.

എ.ഡി. 70 ലും എ.ഡി. 135 ലും ഉണ്ടായ യുദ്ധങ്ങളിൽ ലക്ഷക്കണക്കിന് യൂദർ കൊല്ലപ്പെടുകയും അവരോടൊപ്പം യൂദമതത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച പലരും അവരുടെ വസ്ത്രധാരണരീതി മാറ്റപ്പെടുത്താതെ റുമാൽ തലയിൽ ധരിച്ചിരുന്ന കാരണം യഹൂദരാണെന്ന് ധരിച്ച് അനേകം യൂദ ക്രിസ്ത്യാനികൾക്ക് നാശം സംഭവിച്ചു. ഇതിനു ശേഷം യൂദ ക്രിസ്ത്യാനികൾ റുമാൽ ധരിക്കുന്ന രീതി മാറ്റിക്കളഞ്ഞു.

ഉത്തരീയം (APRONS) മേലാട എന്നത് പ്രാർത്ഥനാ സമയത്ത് നമ്മുടെ പുരോഹിതർ കറുത്ത കുപ്പായം ധരിച്ചതിനുശേഷം അതിനു മുകളിൽ കൂടെ ഒരടി വീതിയിൽ നിറമുള്ള മേലാടയായി ധരിക്കുന്ന വസ്ത്രം ആണ്. ഇതു വി. പൗലോസും ധരിച്ചിരുന്നു. (അപ്പോ. 19:12) ഈ പാരമ്പര്യങ്ങൾ നമ്മുടെ സഭയും വച്ച് പുലർത്തുന്നു. യേശു സ്ഥാപിച്ച പുരാതന സഭയിൽപ്പെട്ട നാം ആത്മാവിന്റെ രക്ഷ തേടി മറ്റു സഭയിൽ പോകരുത്. പോകുന്നവർ ശാപഗ്രസ്ഥരായിത്തീരും. അതിനാൽ രൂത്തിനോടു നവോമി കാലാപെറുക്കാനായി മറ്റൊരു വയലിൽ പോകരുത് എന്ന ചൊല്ല് ഇവിടെ അന്വർത്ഥം ആണ്.



# മലർവാടിക്കൂട്ടം

എവിടെ നിന്നോ മോഷ്ടിച്ചെടുത്ത ഇറച്ചിക്കഷണവും കൊക്കിലൊതുക്കി പറക്കുകയായിരുന്നു കാക്ക. അതു നോക്കി വെള്ളമിറക്കി പിന്നാലെ കുറുക്കനും. അല്പം അകലെയുള്ള ഒരു മരക്കൊമ്പിൽ കാക്ക പറന്നുചെന്ന് ഇരിക്കുന്നതു കണ്ടു. കുറുക്കന്റെ മനസ്സിൽ ഒരു കൗശലം തോന്നി. മരച്ചുവട്ടിൽ ചെന്ന് കാക്കയോട് പറഞ്ഞു.

സുന്ദരികാക്കേ – എന്റെ വന്ദനം. ഇന്നു നീ വളരെ സുന്ദരിയും സന്തോഷവതിയുമായി കാണപ്പെടുന്നല്ലോ. ആ ചിറകുകൾക്ക് എന്തുഭംഗിയാണ്. കൊക്കുകണ്ടാൽ ഉരുക്കിന്റെ കരുത്ത് തോന്നിക്കുന്നു. മാറിടം പരുന്തിന്റെതുപോലെ വിരിഞ്ഞിരിക്കും.

പക്ഷെ ഇതുവരെയും നിന്റെ മധുരമായ പാട്ട് എനിക്ക് കേൾക്കാൻ സാധിച്ചിട്ടില്ല. എന്തായാലും ഇത്രയും സുന്ദരിയായ നിന്റെ പാട്ടും അത്യധികം മാധുര്യമുള്ള ഒന്നായിരിക്കുമെന്ന് അറിയാം. ഒന്നു പാടുമോ.

തന്നെക്കുറിച്ച് ഇത്രയും പറഞ്ഞതുകേട്ടപ്പോൾ കാക്കയ്ക്ക് രോമാഞ്ചമുണ്ടായി. അത് വാൽപൊക്കി ചിറകിട്ടടിച്ച് ആഹ്ലാദം പ്രകടിപ്പിച്ചു. തന്റെ ശബ്ദ മാധുര്യം ഇതുവരെ കേൾക്കാൻ സാധിക്കാത്തതിൽ കുറുക്കനുള്ള സങ്കടം അവൾ മനസ്സിലാക്കി. തുരുമ്പുപിടിച്ച ശബ്ദമാണ് തനിക്കുള്ളതെന്ന് മുൻപ് ആരോ പറഞ്ഞത് അസൂയകൊണ്ടാണ്. അവൾ തൊണ്ടയനക്കി കണ്ഠശുദ്ധിയോടെ കുറുക്കനു വേണ്ടി പാടാൻ തീരുമാനിച്ചു. പക്ഷെ പാടുന്നതിന് വായ മുഴുവൻ തുറന്നില്ല. ഇറച്ചിക്കഷണം കൊക്കിൽ നിന്നും താഴെവീണു. എന്നാൽ അത് നിലത്തെത്തുകയും ഉണ്ടായില്ല. തക്കസമയത്തുതന്നെ കുറുക്കൻ തന്റെ വായപൊളിച്ചു ഇറച്ചിക്കഷണത്തെ സ്വീകരിച്ചു. കുറുക്കനു വളരെ സന്തോഷമായി. കാക്കമുകളിലിരുന്നു നിലവിളിക്കുന്നുണ്ടായിരുന്നു.

കുറുക്കൻ ചോദിച്ചു നീ പാടുകയാണോ മേലിൽ ഒരു കാര്യം ഓർത്താൽ നന്ന്. നിന്നെപ്പറ്റിയോ, നിന്റെ സൗന്ദര്യത്തെപ്പറ്റിയോ, ആരെങ്കിലും പുകഴ്ത്തി പറയുന്നതു കേട്ടാൽ ഞെളിയരുത്. നാവടക്കിയിരിക്കാനാണ് ശീലിക്കേണ്ടത്. ഇല്ലെങ്കിൽ പ്രിയപ്പെട്ട പലതും നിനക്ക് നഷ്ടപ്പെട്ടേക്കും.

(മയങ്ങുന്നവർ വിഡ്ഢികളാണ്)

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം യെശയ്യ 35 to 66**

**മത്തായി. 15 to 28**

1. യേശുവിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്തെന്ന് ശിഷ്യന്മാർ ചോദിച്ചത് എവിടെ വച്ച്?
2. അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല. എന്നു പറഞ്ഞതാര്?
3. വളരെ എന്നതിനുള്ള ഇംഗ്ലീഷ് വാക്കും ഒരു ദേവതയുടെ പേരും ഒന്നാണ്. അത് എന്ത്?
4. ദൈവം പൈതങ്ങളെ അളന്ന അളവുകോൽ എന്ത്?
5. 'അവൻ എന്റെ ഇടയൻ എന്ന് ദൈവം സാക്ഷ്യം പറഞ്ഞ ഒരു അന്യജാതി രാജാവ് ആര്?
6. നിലത്തിലെ പൊടിയിൽനിന്ന് ഉണ്ടാക്കപ്പെട്ട മനുഷ്യന്റെ മറ്റൊരു പേരെന്ത്?
7. അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും, ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നും. ഈ പ്രവചനം ആരെക്കുറിച്ചാകുന്നു?
8. 'കാൽവറിമല' എന്നതിന് വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരെന്ത്?
9. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിലെ പ്രദിക്ഷണങ്ങൾക്കും, കബറടക്കത്തിനും നിർമ്മലശീല (വെള്ളത്തുണി) ഉപയോഗിക്കുന്നതിനാധാരമായ വേദഭാഗം ഏത്?
10. യേശുക്രിസ്തു എത്ര പ്രാവശ്യം ഗെത്ത്സമന തോട്ടത്തിൽ പ്രാർത്ഥിച്ചു?

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**

1. ഹാബേൽ (മത്ത.23:35)
2. യിരെമ്യാവ് (മത്ത.27:10)
3. യേശുക്രിസ്തു (മത്ത.27:50)
4. യെശയ്യാവ് (യെശ.60:1)
5. ചൈതന്യം (യെശ.57:15)
6. വിശുദ്ധവഴി (യെശ.35:8)
7. നാഴിയിൽ (യെശ.40:12)
8. കാർമുകിൽപോലെ (യെശ.44:12)
9. സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ (മത്ത.22:30
10) ദാനിയേൽ (യെശ.24:15)

## സുവിശേഷ സമാജം വാർഷിക ധ്യാനയോഗം സമാപന സമ്മേളനം



സുവിശേഷ സമാജം വാർഷിക ധ്യാനയോഗം സമാപന സമ്മേളനം സെപ്റ്റംബർ മാസം 15-ാം തിയതി മഴുക്കീർ സെന്റ് മേരീസ് പള്ളിയിൽ വച്ച് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്തു. സമാജം വൈസ് പ്രസിഡന്റ് ഫാ. തോമസ് എബ്രഹാം സമാപന സന്ദേശം നല്കി. സെക്രട്ടറി ബാബു കൊന്നയിൽപള്ളത്തു സ്വാഗത പ്രസംഗം നടത്തി സമാജത്തിന്റെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രസ്റ്റി ജോസ് കാലായിൽ കണക്ക് അവതരിപ്പിച്ചു.

## ജന്മദിനം ആഘോഷിച്ചു



ചിങ്ങവനം ശാലേം പള്ളിയിൽ എട്ടു നോമ്പു വി. കുർബാനക്കുശേഷം ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ ജന്മദിനം കേക്ക് മുറിച്ച് ആഘോഷിക്കുന്നു. വികാരി റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, സമുദായ സെക്രട്ടറി റ്റി.ഓ.എബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി എബ്രഹാം കെ. മാത്യു ക്ടായിത്തറ, സെക്രട്ടറി സിബി മാത്യു തോണ്ടുകുഴിയിൽ, റവ. ഫാ. ജേക്കബ് കല്ലുകുളം, ഫാ. പി.റ്റി. മാത്യു പയ്യനാട്ട്, ഫാ. സൈനോ മർക്കോസ് തുടങ്ങിയവർ സമീപം

## സേവേറിയോസ് ഫണ്ട് വിദ്യാഭ്യാസ ധനസഹായ വിതരണോത്ഘാടനം



സേവേറിയോസ് ഫണ്ട് വിദ്യാഭ്യാസ ധനസഹായ വിതരണോത്ഘാടനം ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ നിർവ്വഹിക്കുന്നു. റവ. ഡോ. എ.ടി. എബ്രഹാം ആലുംമ്മൂട്ടിൽ, അസോ. പ്രസിഡന്റ്, ടി.ഒ. എബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി, സ്കറിയാ തോമസ് എക്സ് എം.പി. സമുദായ ട്രസ്റ്റി, ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, ഫാ. എ.പി.ജേക്കബ് ആഞ്ഞിലിമൂട്ടിൽ, സാബു തോട്ടുങ്കൽ, തോമസ് ജോൺ കുളങ്ങര, ടിനോ കെ. തോമസ് കൊണ്ടൂർ എന്നിവർ സമീപം.

## സൺഡേസ്കൂൾ ശതാബ്ദി

നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി സൺഡേസ്കൂൾ ശതാബ്ദി സമാപന സമ്മേളനം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്യുന്നു. അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത, ബിഷപ്പ് തോമസ്സ് തറയിൽ, എം.എ. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ ചിറയിൽ, ഫാ. കെ.സി. എബ്രഹാം കട്ടത്തറ, ഫാ. ജെയിക്കബ് ഫിലിപ്പ് നടയിൽ, റവ. സി. സൈനോ. ഫാ. ഷിബിൻ എബ്രഹാം മണിമലേത്ത്, ജെബി പള്ളിക്കപ്പറമ്പിൽ, ഷാജി ഏലിയാസ് നസ്രാണി തുണ്ടിയിൽ എന്നിവർ സമീപം



# Congratulations



## Sera Thankom Saji

Advt -

She has completed her B.Tech (hons) in ECE (Electronics and Communication Engineering) from Lovely Professional University Punjab, Received First Rank with Distinction. Now doing her MBA in International Business at Indian Institute of Foreign Technology (IIFT) Delhi. She is the daughter of Saji Kuriakose Kalayathra & Ruby Abraham and a member of St. Mary's Knanaya Church Kattodu.

With Best Compliments from
Boban & Manju
Chettiyakulath, Houston

# Congratulations



Advt -

Congratulations to **Mr. SACHIN JACOB ABRAHAM** for securing his PG in Mechanical Engineering (M.Tech) with first rank from National Institute of Technology, Trichy on June 2019. He is the son of Mr. P.C. Abraham and Mrs. Sheela Abraham, Pathiparambil House of St. Mary's Knanaya Church Mazhukeer.
With Best Compliments from Family Members

# ആശംസകൾ



അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ്
വലിയ മെത്രാപ്പോലീത്തായുടെ 146/19 കല്പന
പ്രകാരം 2019 ഒക്ടോബർ 1 മുതൽ
വികാരി ജനറാളായി നിയമിതനായ
**റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ**

# Congratulations



**JITHEN ALEX** for graduating executive MBA first class with distinction (92%) from Birla Institute of Technology-Ranchi (RAK Campus, UAE). He is the son of M.K. Alex (Kuttiyil, Kallissery) and Sherly Mathew (Manavelipallathu Thiruvanvandoor)

Best wishes
Nidhil Jacob

## 4 – ാം ചരമ വാർഷികം

05-10-2019



# I. Joseph

## (Kunjumon)

**Retired Police Constable**
**Aykatt, Ranni**

Advt -

Sorrowing Family

## 25 – ാം ചരമവാർഷികം

28 – 10 – 2019



# മറിയക്കുട്ടി കുരുവിള


**കല്ലേലിമറ്റത്തിൽ,**
**രാമമംഗലം (കോട്ടപ്പുറം)**

Advt -

*സന്തപ്ത കുടുംബാംഗങ്ങൾ*

## 11th Death Anniversary

28 – 10 – 2019



Advt -


# Biju Joseph

**Chirayil Peedikayil, Bangalore**
**(Jose Villa, Puthenangadi, KTM)**

Sorrowing Family

## 40th Day of Demise

20 – 10 – 2019



# Abraham Kuriakose
## (Kunjappan)

**Kannankara, Mannamaruthy**
**Ranni**

Advt -

Inserted by
Saji and Salin, Molly, Jitty & Sabu, Annie & Tom

## 1 – ാം ചരമവാർഷികം

27 – 10 – 2019



## കെ. ഐ. മാത്യു

കുന്നുംപുറത്ത്, മുക്കാലുമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം

19-10-2019



## കെ. എ. ഉതുപ്പാൻ (കുഞ്ഞുമോൻ)

കുറ്റിയിൽ, കല്ലിശ്ശേരി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"


സന്തപ്ത കുടുംബാംഗങ്ങൾ

Advt -

In Loving Memory of our beloved Pappa

## $7^{th}$ Birthday in Heaven

31 – 10 – 2019



Advt -

## T. K.Abraham (Avarachan)

Thundiyilchirayil, Mannar

Inserted By Sorrowing Wife, Children and
Grand Children

## 1 – ാം ചരമ വാർഷികം

16-10-2019



## THAMPI LUKOSE

Nediyuzhathil (Karot)
Chingavanam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 20th Death Anniversary

03 – 10 – 2019



## K.O. ചാക്കോ

കുന്നേൽ (കണ്ണകേരിൽ)

പാലാ

Advt -

സന്തപ്ത കുടുംബാംഗങ്ങൾ

## 40 – ാം ചരമദിനം

09-10-2019



## കുഞ്ഞൂഞ്ഞമ്മ തങ്കച്ചൻ

മേലേക്കുറ്റ്, ഐത്തല, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt -

സന്തപ്ത കുടുംബാംഗങ്ങൾ

## 1 – ാം ചരമ വാർഷികം

22-10-2019



## സ്കറിയ റ്റി. എ. (കുഞ്ഞുമോൻ)

തുണ്ടിയിൽ, മഴുക്കീർ

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

13 – ാം ചരമവാർഷികം
25 – 10 – 2019

2 – ാം ചരമവാർഷികം
22 – 08 – 2019



## ചെറിയാൻ ഉതുപ്പാൻ  തങ്കമ്മ ഉതുപ്പാൻ

ഊരാക്കമണ്ണിൽ, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ



1 –ാം ചരമവാർഷികം

03 – 11 – 2019

## കാവുപുരക്കൽ
## കുര്യൻ മാത്യു

രാമമംഗലം

Advt -

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

---

## 26th Death Anniversary

03 – 11 – 2019



## Rev. Fr. P.K. Kuriakose

**Mundaplackal, Edakkulam, Ranni**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## 13th Death Anniversary

06 – 11 – 2019



## P.K.Abraham (Avarachan)

**Mundaplackal, Vadasserikara**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 2 –ാം ചരമ വാർഷികം

12 – 10 – 2019



# ലീലാമ്മ കുര്യൻ

കന്നാക്കുഴിയിൽ, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 3 –ാം ചരമവാർഷികം

26 – 10 – 2019



# K.M. Thomas (Aniyan)

**Kalatharayil, Thiruvanvandoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



## 27 –ാം ചരമ വാർഷികം

26 – 10 – 2019

# ശോശാമ്മ ഏബ്രഹാം

പള്ളിയമ്പിൽ

പടിഞ്ഞാറ്റോതറ

തിരുവല്ല

പോബ്സ് ഗ്രൂപ്പ്

Advt -

## 2 – ാം ചരമ വാർഷികം

17 – 10 – 2019



## ഏബ്രഹാം വി. ജേക്കബ് (85)

വലിയമണ്ണിൽ, പഴവങ്ങാടി, റാന്നി


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 2nd Death Anniversary

15 – 10 – 2019



## K.K. JACOB (Chackochan)

**Kappiaruparambil**

**Valiyangady, Kottayam**

By Sorrowing Family

Advt -

## 2 – ാം ചരമ വാർഷികം

19 – 10 – 2019



Advt -

## P. C. പുന്നൂസ് (പാപ്പച്ചൻ)

വളയനാട്ട്, അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## സ്നേഹസ്മരണ 5 – ാം ചരമ വർഷം

31 – 10 – 2019



## K. C. Thomas

**Kochupurackal**

**Thiruvanvandoor**

ബന്ധുക്കളെ സ്നേഹിതരെ ജീവിതകാലത്ത് നിങ്ങളെന്നെ
സ്നേഹിച്ചു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമെ

*സന്തപ്ത കുടുംബാംഗങ്ങൾ*

# സൺഡേസ്ക്കുളല്ലേ സാരമില്ല

ഏബ്രഹാം കല്ലിശ്ശേരി

**അന്ന്.**

ഞായറാഴ്ച രാവിലെ മകൻ അപ്പനോടു പറയുന്നു: ഞാനിന്നെങ്ങനെ സൺഡേസ്ക്കൂളിൽ പോകും. നിക്കറും ഉടുപ്പുമൊന്നും ഉണങ്ങിയിട്ടില്ല.

അതുകേട്ട് അമ്മ അടുക്കളയിൽനിന്നും ഇറങ്ങി വന്നു.

-ഒരാഴ്ച സ്ക്കൂളിലിട്ടതല്ലെ. ഞാനതിന്നലെ യങ്ങു നനച്ചിട്ടു. അപ്പഴാ ഒരു മഴ.

-എടി മറിയാമ്മേ നീ രണ്ടു ചിരട്ട കത്തിച്ച് ആ തേപ്പുപെട്ടിയിലോട്ട് ഇട്ടുതാ. ഞാൻ ഇസ്തിരിയിട്ട് ഉണക്കി കൊടുക്കാം.

-പപ്പാ പറഞ്ഞത് ശരിയാ. എന്തായാലും സൺഡേസ്കൂൾ മുടക്കണ്ട.

**ഇന്ന്**

അയ്യോ പപ്പാ സൈക്കിള് പഞ്ചറാണല്ലോ. എങ്ങനാ സൺഡേസ്കൂളിൽ പോകുന്നത്.

ഈ മൊബൈലിൽ കുത്തിക്കളിച്ചോണ്ടിരിക്കുന്ന നേരത്ത് അതു ശരിയാക്കിക്കൊണ്ട് വരാൻ വയ്യാരുന്നോ.

ഇന്നു സൺഡേസ്കൂളുള്ള കാര്യം ഞാനങ്ങു മറന്നു.

സാരമില്ല. നടക്കാനുള്ള ദൂരമല്ലേയുള്ളു. എന്റെ മോൻ നടന്നങ്ങു പോയാൽ മതി.

അയ്യോ നടക്കാനോ. എന്നേക്കൊണ്ടൊന്നും പറ്റത്തില്ല. മമ്മീ ഈ പപ്പാ പറഞ്ഞതു കേട്ടില്ലേ. ഞാൻ നടന്ന് സൺഡേസ്കൂളിൽ പൊക്കോളാൻ.

മോൻ മൊബൈലിൽ കുത്തിക്കൊണ്ട് മമ്മിയുടെ അടുത്തേക്കു പോയി. പപ്പാ വിളിച്ചു പറഞ്ഞു.

എന്റെ കൂടെ കാറിൽ വരാമെന്നോർക്കേണ്ട. ഞാനിന്നു പള്ളിയിൽ പോകുന്നില്ല. ക്രിക്കറ്റിന്റെ ഫൈനലാ. ഇന്ന് അതു കാണണം.

നീ നടന്നൊന്നും പോകണ്ടടാ മോനേ. സൺഡേസ്കൂളല്ലെ, സാരമില്ല. സൺഡേസ്കൂൾ പഠിച്ചിട്ട് നീയെന്നാ അച്ചനാകാൻ പോവാണോ. മമ്മി മോനെ പിന്താങ്ങി.

പിന്നൊരു കാര്യം ക്രിക്കറ്റ് കണ്ടാലും കൊള്ളാം. ഇല്ലേലും കൊള്ളാം. ഉച്ചയ്ക്ക് ഒരടിപൊളി സിനിമയുണ്ട്. അതെനിക്ക് കാണണം.

ഇങ്ങനെയാണ് ഇന്നുള്ള രക്ഷിതാക്കളിലധികവും ചിന്തിക്കുന്നത്. സൺഡേസ്കൂളല്ലെ സാരമില്ല.

ഈയിടെ ഒരു വികാരിയച്ചൻ സന്ധ്യയ്ക്ക് ഇടവകയിലെ ഒരു വീട്ടിൽ ചെന്നു. കതക് തുറന്നത് വീട്ടിലെ ഇളയ പുത്രനാണ്; അച്ചൻ ചോദിച്ചു.

മോനെ നീയെന്താ ചെയ്തത്. കയ്യിലിരുന്ന ബർഗർ കടിച്ചുകൊണ്ട് അവൻ പറഞ്ഞു: ഈറ്റിഗ് അപ്പോൾ ഈ T.V. വച്ചിരിക്കുന്നതോ.

കാർട്ടൂണാണച്ചോ. മമ്മി വന്ന് സീരിയലിൽ പിടുത്ത മിട്ടാൽ പിന്നെ കാണാനൊക്കത്തില്ല.

ഒ. കെ. പപ്പായെന്ത്യേ.

മുകളിൽ ഫ്രണ്ട്സുമൊത്ത് സിറ്റിംഗിലാണ്.

അപ്പച്ചനോ. അപ്പച്ചൻ വാക്കിംഗിലാണ്. മമ്മി. മമ്മി ആരോടോ ടോക്കിംഗിലാണ്.

